# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പനവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ റ്റി വി എം / ജി പി- 7/1325/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 17/10/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ റ്റി വി എം / ജി പി- 7/1325/23 തീയ്യതി: 17/10/2023

## തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീജ. കെ | ഡെപ്യൂട്ടി ഡയറക്ടർ ( ഹ ഗ്രേ) | 07-08-2023 | 17-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-08-2023 | 17-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലിഷ.കെ വി (ഓഡിറ്റ് ഓഫീസർ)
ശ്രീമതി ശാലിനി . വി. കെ(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീമതി സ്വപ്ന. എസ്. ( സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി കല.പി( ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി മിനി.എസ്. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. സുനിൽ. പി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സൌമ്യ. പി കെ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| കീർത്തി. എ.ജെ | വെറ്റിനറി സർജൻ | 01-04-2022 | 14-06-2022 |
| രഞ്ജിത്ത് | വെറ്റിനറി സർജൻ | 15-06-2022 | 31-03-2023 |
| അനിയൻ. എ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ. പ്രീത | മെഡിക്കൽ ഓഫീസർ,എഫ് എച്ച് സി | 01-04-2022 | 04-05-2022 |
| ഡോ.വീനീത്.വി.എൻ | മെഡിക്കൽ ഓഫീസർ,എഫ് എച്ച് സി | 05-05-2022 | 21-05-2022 |
| ഡോ.സൂരജ്.ബി.എസ് | മെഡിക്കൽ ഓഫീസർ,എഫ് എച്ച് സി | 22-05-2022 | 31-03-2023 |
| ചിത്രാകുമാരി. വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| പുഷ്പകുമാരി. വി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ , സർക്കിൾ 2 | 01-04-2022 | 07-08-2022 |
| അനൂപ്. പി.എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ , സർക്കിൾ 2 | 08-08-2022 | 31-03-2023 |
| സുചിത്ര ലത | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 18-09-2022 |
| സൈജു.ഒ.എ | അസിസ്റ്റന്റ് എഞ്ചിനീയർ | 19-09-2022 | 31-03-2023 |
| ദിലീപ് .കുമാർ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| സരിത വിജയൻ | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| നയന . യു.ബി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ , സർക്കിൾ1 | 01-04-2022 | 31-03-2023 |
| കവിത.വി .എസ് | മെഡിക്കൽ ഓഫീസർ, | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ഹോമിയോ | | |

..

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും അനുബന്ധ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാധ്യത തുകകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-3 |
| 5 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം Deficit ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു | 1-1-4 |
| 6 | മുൻവർഷ വാർഷിക കണക്കു പ്രകാരം നീക്കിയിരിപ്പില്ലാത്ത ഇനത്തിന് തൻവർഷം മുൻ ബാക്കി രേഖപ്പെടുത്തി, ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരുപ്പ് തുക തൻ വർഷ ബി-15 ൽ ഉൾപ്പെടുത്തിയിട്ടുമില്ല. | 1-1-5 |
| 7 | രസീത് നൽകാതെ കളക്ഷൻ നടത്തി | 1-1-6 |
| 8 | തുക ലഭിച്ചത് ചെക്ക് ആന്റ് ഡി ഡി രജിസ്റ്റർ പ്രകാരം വരവു ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക 40(b)പ്രകാരമുള്ള നീക്കിയിരിപ്പ് തുക 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക 40(A) യിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-8 |
| 10 | Directly Credited By Bank -തുക ക്രമീകരിക്കേണ്ടതാണ് | 1-1-9 |
| 11 | Cheques Issued But Not Presented In Bank - തുക Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല | 1-1-10 |
| 12 | Check Deposited But Not Credited-തുടർനടപടി സ്വീകരിക്കേണ്ടതാണ് | 1-1-11 |
| 13 | സമയ ബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-12 |
| 14 | ക്ലോസിങ് സ്റ്റോക്ക്- മൂല്യം വാർഷിക കണക്കിൽ ഉൾപെടുത്തിയിട്ടില്ല | 1-1-13 |
| 15 | അതാതു മാസം ബാങ്ക് റീ കൺസിലിയേഷൻ നടത്തിയിട്ടില്ല | 1-1-14 |
| 16 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല | 1-1-15 |
| 17 | വാർഷിക കണക്കിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി രേഖപ്പെടുത്തിയ തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-16 |
| 18 | ലോൺ രജിസ്ററർ പ്രകാരമുള്ള തുകകളും വാർഷിക കണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-17 |
| 19 | സംയുക്ത പദ്ധതികളുടെ ചെലവു വിവരം പൂർണ്ണമായും ലഭ്യമല്ല | 1-1-18 |
| 20 | വരവു തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി | 1-1-19 |

| | | |
|---|---|---|
| 21 | Capital Work In Progress-പാർട്ട ബില്ലുകളുടെ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-20 |
| 22 | വാർഷിക ധനകാര്യ പത്രിക ബാലൻസ്ഷീറ്റ് ഷെഡ്യൂൾബി -4 പ്രകാരമുള്ള ബാലൻസും ബി-17 പ്രകാരമുള്ള അക്കൌണ്ട് ബാലൻസും പൊരുത്തപ്പെടുന്നില്ല | 1-1-21 |
| 23 | ഡെപ്പോസിറ്റ് പ്രവർത്തികൾ- ചെലവു ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-22 |
| 24 | വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ - വാട്ടർ അതോറിറ്റിക്ക് നൽകിയ ഡെപ്പോസിറ്റ് തുകയിൽ കുറവു വരുത്തി- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-1-23 |
| 25 | വസ്തു നികുതി -റസിഡൻഷ്യൽ നോൺ റെസിഡെൻഷ്യൽ തൻവർഷം, കുടിശ്ശിക, ബാലൻസ്-സഞ്ചയ പ്രകാരമുള്ള വിവരങ്ങളും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-24 |
| 26 | വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 7 പ്രകാരമുള്ള ഡെപ്പോസിറ്റുകളുടെ നീക്കിയിരുപ്പിൽ വ്യത്യാസം | 1-1-25 |
| 27 | ബജറ്റ് | 1-2 |
| 28 | ഗ്രാന്റ് വിനിയോഗം | 1-3 |
| 29 | സാമ്പത്തിക അവലോകനം | 1-4 |
| 30 | പദ്ധതി അവലോകനം | 1-5 |
| 31 | വിവിധ ക്ഷേമ പദ്ധതികൾ | 1-6 |
| 32 | സാമൂഹ്യ സുരക്ഷാപെൻഷൻ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-6-1 |
| 33 | പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു. | 1-6-2 |
| 34 | ഡേറ്റാബേസിൽ നിന്നും ഒഴിവാക്കപ്പെടാതെ സേവനാ സോഫ്റ്റ് വെയറിൽ ആക്ടീവായി തുടരുന്ന പെൻഷൻ അക്കൗണ്ടുകൾ | 1-6-3 |
| 35 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1-6-4 |
| 36 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 37 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 38 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 39 | തൊഴിലുറപ്പ് പദ്ധതി അപാകതകൾ | 1-9-1 |
| 40 | വട്ടയം- കോട്ടവരമ്പ് പാറയം മൺറോഡ് കോൺക്രീറ്റ്- അംഗീകാരം ലഭിക്കാത്ത സ്ഥലത്ത് പ്രവൃത്തി നടത്തി | 1-9-2 |
| 41 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 42 | സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-11-1 |
| 43 | ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല | 1-11-2 |
| 44 | അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-11-3 |

| | | |
|---|---|---|
| 45 | വളർത്തു നായകൾക്ക് ലൈസൻസ് | 1-12 |
| 46 | തൊഴിൽ നികുതി -അപാകതകൾ | 1-13 |
| 47 | കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-13-1 |
| 48 | റേഷൻ കടകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13-2 |
| 49 | തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴവൻ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13-3 |
| 50 | സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-13-4 |
| 51 | തൊഴിൽ നികുതി പത്രിക അപൂർണ്ണം | 1-13-5 |
| 52 | തൊഴിൽ നികുതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം | 1-13-6 |
| 53 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13-7 |
| 54 | ഡിമാന്റ് ,കളക്ഷൻ, ബാലൻസ് തുകകൾ എ.എഫ്.എസും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-13-8 |
| 55 | നികുതി-നികുതിയേതര വരവുകൾ ആർജ്ജിക്കുന്നതിന് സ്ഥാപനം സ്വീകരിച്ചിട്ടുള്ള നടപടികൾ | 1-14 |
| 56 | റവന്യൂ വരവ്- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-15 |
| 57 | നികുതി -നികുതിയേതര വരുമാനം- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ | 1-16 |
| 58 | വസ്തുനികുതി-അപാകതകൾ | 1-17 |
| 59 | സത്യവാങ്മൂലം സമർപ്പിക്കാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകി | 1-17-1 |
| 60 | 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരാളുടെ ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകി. | 1-17-2 |
| 61 | 60 ച,മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും നികുതിയിളവ് നൽകി | 1-17-3 |
| 62 | നികുതി, ഉപനികുതി ഒഴിവാക്കിയ കെട്ടിടങ്ങളിൽ നിന്ന് വസ്തു നികുതി പിരിച്ചെടുത്തിരിക്കുന്നു. | 1-17-4 |
| 63 | വസ്തുനികുതി സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല | 1-17-5 |
| 64 | ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ ക്ഷീര സമൃദ്ധി പദ്ധതിയിൽ രേഖകളുടെ അഭാവത്തിൽ ധനസഹായം നൽകിയതായി കാണുന്നു | 1-18 |
| 65 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ രേഖകളുടെ അഭാവത്തിൽ 213254/- രൂപ തടസ്സപ്പെടുത്തുന്നു. | 1-19 |
| 66 | അങ്കണവാടി കെട്ടിടങ്ങൾക്കുള്ള ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- നടപടി അനിവാര്യം | 1-20 |
| 67 | ലൈഫ് ഭവനപദ്ധതി - നടത്തിപ്പിലെ അപാകങ്ങൾ | 1-21 |

| | | |
|---|---|---|
| 68 | ന്യൂലൈഫ് ഭവന പദ്ധതി -നടത്തിപ്പിലെ അപാകങ്ങൾ | 1-22 |
| 69 | വൌച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-23 |
| 70 | വയോസൌഹൃദ ഗ്രാമം- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-24 |
| 71 | ആർദ്രം മിഷൻ- ഡോക്ടർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവർക്ക് വേതനം | 1-25 |
| 72 | ദുരിതാശ്വാസ നിധി-നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-26 |
| 73 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക 653625 തടസ്സം ചെയ്യുന്നു. | 1-27 |
| 74 | അറവുശാല- സ്ട്രക്ചറൽ വർക്ക് പൂർത്തിയായിട്ടും നിർജ്ജീവ ആസ്തിയായി മാറി | 1-28 |
| 75 | One Localbody One Product – പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-29 |
| 76 | പാഥേയം- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-30 |
| 77 | ആസ്തി സംരക്ഷണത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-31 |
| 78 | കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പ് പൊതു അപാകങ്ങൾ | 1-32 |
| 79 | തെരുവു വിളക്ക് പരിപാലനം -അപാകതകൾ | 1-33 |
| 80 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ --മരുന്ന് ലഭ്യമായിട്ടില്ല —300000/- രൂപ തടസ്സം | 1-34 |
| 81 | ഇ-ടെണ്ടർ ഫീസ് തുക ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-35 |
| 82 | ബാങ്കിൽ നിന്നും തുക പിൻവലിക്കൽ - വൌച്ചർ പ്രകാരമുള്ള തുകയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം രേഖപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.(വാർഷിക ധനകാര്യപത്രിക പ്രകാരം). | 4-1 |
| 2 | നിക്ഷേപ പ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 13/7/23 തിയ്യതിയിലെ 1(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29/7/23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പനവൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 31/2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-3-23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം. Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു. Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും അനുബന്ധ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1.2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62 (2)(എ) പ്രകാരം വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കണമെന്നും അതിൽ പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്നുമുണ്ട്. ചട്ടം 62(2)(ബി) പ്രകാരം അക്കൗണ്ടിംഗ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാന അനുപാതങ്ങൾ തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ, വാർഷിക ധനകാര്യപത്രികയോടൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല

2.ബാലൻസ് ഷീറ്റ് ബി1 ഷെഡ്യൂളിലെ നീക്കിയിരിപ്പ് പരിശോധിക്കുന്നതിനാവശ്യമായ B-1 ഷെഡ്യൂൾ വാർഷിക പത്രികക്കൊപ്പം ലഭ്യമല്ല.

## 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതായി കാണുന്നു.കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 775479/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (_2233863) രൂപയാണ്.

## 1-1-3 കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാധ്യത തുകകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം

2021-22 വർഷത്തെ ട്രയൽ ബാലൻസ് പ്രകാരം 310900101 എന്ന ശീർഷകത്തിന്റെ ക്ളോസിംഗ് ബാലൻസ് 1603887/- രൂപ ഡെബിറ്റ് ബാലൻസായി രേഖപ്പെടുത്തിയിട്ടുണ്ട്. 2022-23 വർഷത്തെ ട്രയൽ ബാലൻസ് 310900101 എന്ന ശീർഷകത്തിൽ ( Excess Of Income Over Expenditure ) ഓപ്പണിംഗ് ബാലൻസായി (5328843) രൂപ ക്രെഡിറ്റിലും 1603887/-രൂപ ഡെബിറ്റിലും രേഖപ്പെടുത്തിയിരിക്കുന്നു. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-1 പ്രകാരം Excess Of Income Over Expenditure നീക്കിയിരുപ്പ് നെഗറ്റീവ് തുക രേഖപ്പെടുത്തിയത് എന്തു കാരണത്താലാണെന്ന് വ്യക്തമല്ല.

## 1-1-4 ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം Deficit ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ് മെന്റ് പ്രകാരം ആകെ വരുമാനം 186862861 രൂപയും ആകെ ചെലവ് 191106818/- രൂപയും ആണ് .Total Income Minus Expenditure എന്നത് Deficit ആയത് എന്തുകാരണത്താലാണെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം 15/11-8-23 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-1-5 മുൻവർഷ വാർഷിക കണക്കു പ്രകാരം നീക്കിയിരിപ്പില്ലാത്ത ഇനത്തിന് തൻവർഷം മുൻ ബാക്കി രേഖപ്പെടുത്തി, ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരുപ്പ് തുക തൻ വർഷ ബി-15 ൽ ഉൾപ്പെടുത്തിയിട്ടുമില്ല.

2021-22 വർഷത്തെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം 431910201 എന്ന ഒരു ഹെഡ്ഡില്ല. എന്നാൽ 2022-23 വർഷത്തെ ട്രയൽ ബാലൻസ് ശീർഷകം 431910201 എന്ന ഹെഡ്ഡിൽ( Out Door Collection Control Account) ഓപ്പണിംഗ് ബാലൻസായി 7074/- രൂപ ക്രെഡിറ്റ് സൈഡിലും, ക്ളോസിംഗ് ബാലൻസായി 10074 ക്രെഡിററ് ബാലൻസായും രേഖപ്പെടുത്തിയിട്ടുണ്ട്. മുൻ വർഷ വാർഷിക കണക്കു പ്രകാരം നീക്കിയിരിപ്പായി രേഖപ്പെടുത്താത്ത തുക തൻവർഷം മുന്നിരിപ്പായി രേഖപ്പെടുത്താനിടവന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല. ട്രയൽ ബാലൻസ് പ്രകാരമുള്ള ബാലൻസ് തുക 2022-23 ബാലൻസ് ഷീറ്റിൽ ബി -15 ലും ഉൾപ്പെട്ടിട്ടില്ല.

## 1-1-6 രസീത് നൽകാതെ കളക്ഷൻ നടത്തി

ചെക്ക് & ഡി ഡി രജിസ്റ്റർ പ്രകാരം 26-4-22 പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനിയർ, വാട്ടർ അതോറിറ്റി , അരുവിക്കരയിൽ നിന്നും വന്ന ചെക്ക് നം 191056/21-4-22 പ്രകാരം വരവു വന്ന തുക ബാങ്കിൽ വരവു വെച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ ഡേ ബുക്ക് പ്രകാരം വരവ് വച്ചിട്ടില്ല.

## 1-1-7 തുക ലഭിച്ചത് ചെക്ക് ആന്റ് ഡി ഡി രജിസ്റ്റർ പ്രകാരം വരവു ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല

ഡി ഡി നം 755268/6-6-22 പ്രകാരം വരവു വന്ന 11340/- രൂപ( Property Tax) ചെക്ക് ആന്റ് ഡി ഡി രജിസ്റ്റർ പ്രകാരം വരവു വെച്ചതായി കാണുന്നില്ല. തുക ഡേ ബുക്ക് പ്രകാരം വരവ് വെച്ചിട്ടുണ്ട്.

## 1-1-8 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക 40(b)പ്രകാരമുള്ള നീക്കിയിരിപ്പ് തുക 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക 40(A) യിൽ ഉൾപ്പെട്ടിട്ടില്ല.

1. 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക 40-ബി പ്രകാരം ആനാട് ഫാർമേഴ്സ് എസ് സി ബി ഓൺ ഫണ്ട് എന്ന അക്കൌണ്ടിൽ 12177/- രൂപ നീക്കിയിരിപ്പ് ഉണ്ട്. 2022-23 വർഷത്തെ 40 (A) ൽ ടി തുക ഉൾപ്പെട്ടിട്ടില്ല. ആയത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല. 1-4-22 മുതൽ 31-3-23 വരെയുള്ള ടി ബാങ്കിന്റെ ബാങ്ക് ബുക്ക് പരിശോധനയിൽ 31-3-23 ന് 21407 രൂപ കെ ജി ബി ബാങ്കിലേക്ക് കോൺട്ര എൻട്രി ഇട്ട് മാറ്റിയിട്ടുണ്ട്. ആനാട് സഹകരണ ബാങ്കിന്റെ പാസ് ബുക്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമല്ല. 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക 40(b) യിൽ

ടി അക്കൌണ്ട് ഉൾപ്പെട്ടിട്ടില്ല.
2.2021-22 വാർഷിക കണക്ക RP-40 ( B) പ്രകാരം KGB-020651201230002 എന്ന അക്കൌണ്ടിൽ 3996441 രൂപ ബാലൻസുണ്ട്. എന്നാൽ ടി അക്കൌണ്ട് 2022-23 RP-40A യിൽ ടി അക്കൌണ്ടോ ബാലൻസോ ഉൾപ്പട്ടതായി കാണുന്നില്ല.

3. 2021-22 വർഷത്തെ വാർഷിക കണക്ക് RP 40 (B)യിൽ ഉൾപ്പെടാത്ത രണ്ടു അക്കൌണ്ടുകൾ 2022-23 വർഷത്തെ വാർഷിക കണക്ക് RP-40 A യിൽ ഉൾപ്പെട്ടിരിക്കുന്നു. KGB-107012803000019 – OB-3957332. Co Operative Bank Account Of Own Revenue Fund – 0B &CB-51286.
കോ ഓപ്പറേറ്റീവ് ബാങ്ക് അക്കൌണ്ടിന്റെ (ശീർഷകം-450210102) ബാങ്ക് സ്റ്റേറ്റ് മെന്റ് , റീകൺസിലിയേഷൻ സ്റ്റേറ്റ് മെന്റ് എന്നിവ ലഭ്യമല്ല.

## 1-1-9 Directly Credited By Bank -തുക ക്രമീകരിക്കേണ്ടതാണ്

കേരള ബാങ്കിലെ തനതു ഫണ്ടിന്റെ 31-3-23ലെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ Directly Credited By Bank എന്ന ഇനത്തിൽ 35559/- രൂപ ഉൾപ്പെട്ടിട്ടുണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തൽ വരവു വെക്കേണ്ടതാണ്.

## 1-1-10 Cheques Issued But Not Presented In Bank – തുക Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

1.കേരള ബാങ്കിന്റെ ( തനതു ഫണ്ട്)റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ചെക്കുകൾ Cheques Issued But Not Presented In Bank എന്ന ഹെഡ്ഡിൽ ഉൾപ്പെട്ടു കാണുന്നു.

| ചെക്ക് നം / തിയ്യതി | തുക |
|---|---|
| 486736/11-3-22- | 108829 |
| 486737/11-3-22 | 900 |
| 486742/31-3-22 | 2429 |
| 486738/15-3-22 | 4030 |
| 486738/15-3-22 | 40000 |
| 487123/1-7-22 | 850 |
| 486757/30-4-22 | 766 |
| ആകെ | 157804 |

മേൽപറഞ്ഞചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.
2.SBI E LIFE അക്കൌണ്ടിന്റെ ബാങ്കിന്റെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ Cheques Issued But Not Presented In Bank എന്ന ഹെഡ്ഡിൽ 42254 രൂപയുണ്ട്. ടി തുക Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.
3.കാനറ ബാങ്ക് പ്ളാൻ അക്കൌണ്ടിന്റെ റീകൺസീലീയേഷൻ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതിൽ Cheques Issued But Not Presented In Bank എന്ന ശീർഷകത്തിൽ 11446 രൂപയുണ്ട്. ( ചെക്ക് നമ്പർ 493521/28-3-22) .ടി തുക Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

## 1-1-11 Check Deposited But Not Credited-തുടർനടപടി സ്വീകരിക്കേണ്ടതാണ്

1.കേരള ബാങ്ക് തനതു ഫണ്ട് അക്കൌണ്ടിന്റെ( 107012803000019) 31-3-23 ലെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 24029 (22872 +1157) രൂപ Cheque Deposited But Not Cleared എന്ന ഇനത്തിൽ അവശേഷിക്കുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.
2. SBI E LIFE അക്കൌണ്ടിന്റെ ബാങ്ക് റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ Cheques Deposited But Not Cleared എന്ന ഇനത്തിൽ 1464/- രൂപ ഉള്ളതായി കാണുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്

## 1-1-12 സമയ ബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. താഴെ പറയുന്ന അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസവും തയ്യാറാക്കിയിട്ടില്ല . അപ്രകാരം ഡിമാന്റ് രേഖപ്പെടുത്താത്ത ഏതാനും ഇനങ്ങൾ താഴെ ചേർക്കുന്നു .

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നം |
|---|---|---|
| 101100101 | Property Tax On Residential Buildings | 42201134/31-3-23 |
| 101100103 | Property Tax On Non Residential Buildings | 42201135/31-3-2 |

## 1-1-13 ക്ലോസിങ് സ്റ്റോക്ക്- മൂല്യം വാർഷിക കണക്കിൽ ഉൾപെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല.എന്നാൽ തൻ വർഷം വിവിധ പദ്ധതികളിലായി സാധനങ്ങൾവാങ്ങിയിട്ടുണ്ട്.ആയതിന്റെ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളു , വിലരേഖപ്പെടുത്തുന്നില്ല.സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ))

## 1-1-14 അതാത് മാസം ബാങ്ക് റീ കൺസിലിയേഷൻ നടത്തിയിട്ടില്ല

വിവിധ ബാങ്കുകളുടെ റീ കൺസിലിയേഷൻ അതാതുമാസം നടത്തിയിട്ടുണ്ടൊ എന്ന് ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അതാതു മാസം നടത്താതെ 2023 ഫെബ്രുവരിയിൽ ആരംഭിച്ച് 2023 ജൂൺ മാസത്തിലാണ് പൂർത്തിയായത് എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

## 1-1-15 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-16 വാർഷിക കണക്കിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി രേഖപ്പെടുത്തിയ തുകകളും പൊരുത്തപ്പെടുന്നില്ല.

താഴെ ചേർക്കുന്ന ഇനങ്ങളിൽ രജിസ്റ്റർ പ്രകാരമുള്ള ഡി സി ബി തുകകളിലും വാർഷിക കണക്കു പ്രകാരമുള്ള ഡി സി ബി തുകകളിലും വ്യത്യാസം കാണുന്നു.

| ഇനം | ശീർഷകം കോഡ് | ഡിമാന്റ് | കളക്ഷൻ(റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | രജിസ്റ്റർ പ്രകാരം കളക്ഷൻ |
|---|---|---|---|---|
| വൃക്ഷങ്ങളിൽ നിന്നുള്ള മേലാദായം | 150100107 | 1920 | Nil | 6220 |
| Rent Receivables From Arrear | 190200101 | 13512 | 13512* | Nil |
| Profession Tax -Institutions | 110200101<br>190100102 | 56850<br>1860 | 58710(27750+1860+29100( B9-21-22) | 56850 |
| പ്രൊഫഷൻ ടാക്സ് ( എംപ്ളോയീസ് | 110200102 | 650470 | 649490( 619490+**30000) | 655470 |

*2021-22 വാർഷിക കണക്ക് ബി 15 ഷെഡ്യൂൾ പ്രകാരം വാടകക്ക് കുടിശ്ശിക ഇല്ല. 2022-23 വാർഷിക കണക്കു പ്രകാരം ആർ പി 45 പ്രകാരം 13512/-രൂപ കുടിശ്ശിക ഇനത്തിൽ വരവുണ്ട്.

**ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയതിന്റെ രശീതി നം ലഭ്യമല്ല.

## 1-1-17 ലോൺ രജിസ്ററർ പ്രകാരമുള്ള തുകകളും വാർഷിക കണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

ലോൺ രജിസ്റ്ററിലെ തുകകളും വാർഷിക കണക്കു പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

| ഹഡ്കോ ലോൺ | മുൻബാക്കി | വരവ് | ആകെ | ചെലവ് | തിരിച്ചടവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| എ എഫ് സ് പ്രകാരം | 56252000 | 5440000 | 61692000 | 5440000 | 5887664 | 55804336 |

| | | | | | | |
|---|---|---|---|---|---|---|
| രജിസ്റ്റർ പ്രകാരം | 56252000 | 5440000 | 61692000 | 5440000 | 3787664 | 57904336 |

## 1-1-18 സംയുക്ത പദ്ധതികളുടെ ചെലവു വിവരം പൂർണ്ണമായും ലഭ്യമല്ല

സംയുക്ത പ്രോജക്റ്റുകൾക്കായി ബ്ളോക്ക് പഞ്ചായത്തിൽ നിന്നും, ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയുടെ ചെലവിന്റെ വിശദാംശം പൂർണ്ണമായും ലഭ്യമാക്കിയില്ല.

| ശീർഷകം | വിഹിതം നൽകിയ സ്ഥാപനം | മുൻബാക്കി | തൻ വർഷം ലഭിച്ചത് | ആകെ | സുലേഖ പ്രകാരം ചെലവ് | ബാക്കി | ബി-4 പ്രകാരം ബാലൻസ് |
|---|---|---|---|---|---|---|---|
| 320700204 | ബ്ളോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചത് | 914400 | 7237446 | 8151846 | 7237446 | 914400 | 0 |
| 320700404 | “” | 25000 | 0 | 25000 | Nil | 25000 | 0 |
| 320700405 | ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചത് | 0 | 105000+1505125 | 161025 | 1505125 | 105500 | 0 |

എ.സുലേഖ പ്രകാരം ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിനത്തിലെ ചെലവ് 7237446/- രൂപയാണ്. ബാക്കി തുകയായ 939400/-(914400+25000) രൂപയുടെ ചെലവ് വിശദാംശം ലഭ്യമാക്കിയില്ല.

ബി. ജില്ലാ പഞ്ചായത്ത് ഫണ്ടിനത്തിലെ 105500/- രൂപയുടെ ചെലവ് വിശദാംശം ലഭ്യമാക്കിയില്ല.

## 1-1-19 വരവു തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

1.വാർഷിക കണക്ക് റസീപ്റ്റ് ആന്റ് പെയ്മെന്റ് പത്രിക RP-5 ഷെഡ്യൂൾ പ്രകാരം Receipts From Sale Of Timber എന്ന ഇനത്തിൽ 239350 രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. വരവിന്റെ വിശദാംശങ്ങൾ , വരവ് രജിസ്റ്റർ എന്നിവ ലഭ്യമാക്കിയില്ല. ILGMS ൽ ബന്ധപ്പെട്ട ശീർഷകം പരിശോധിക്കുമ്പോൾ ടി ഇനത്തിൽ AUCTION DEPOSIT എന്നാണ് കാണുന്നത്. ആയത് ശീർഷകം 340200102 ൽ ഉൾപ്പെടുത്തേണ്ട ഇനമാണ്.

2.വാർഷിക കണക്ക്റസീപ്റ്റ് ആന്റ് പെയ്മെന്റ് പത്രിക RP-10 പ്രകാരം മിസലേനിയസ് റസീപ്റ്റ് ഇനത്തിൽ ശീർഷകം 180800199 ൽ 22100 രൂപ വരവു വന്നിട്ടുണ്ട്. ബന്ധപ്പെട്ട ശീർഷകത്തിന്റെ ILGMS ലെ ലഡ്ജർ പരിശോധിച്ചതിൽ “അൺ ഐഡന്റിഫയിഡ്” എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി തുക ഏതിനത്തിലുള്ള വരവാണെന്ന് വ്യക്തമാക്കേണ്ടതാണ്.

## 1-1-20 Capital Work In Progress-പാർട്ടു ബില്ലുകളുടെ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ 2022-23 വർഷത്തെ പാർട്ട് ബിൽ പ്രകാരം 9081626/- രൂപ പാർട്ട് ബില്ലായി നൽകിയിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 11( B)പ്രകാരം ടി തുക രേഖപ്പെടുത്തിയിട്ടില്ല.

## 1-1-21 വാർഷിക ധനകാര്യ പത്രിക ബാലൻസ്ഷീറ്റ് ഷെഡ്യൂൾബി -4 പ്രകാരമുള്ള ബാലൻസും ബി-17 പ്രകാരമുള്ള അക്കൌണ്ട് ബാലൻസും പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | |
|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക |
| 1. | 320100149 | National Health Mission | 373744* |
| 2. | 320100196 | Integrated Child Development Scheme | 1191072 |
| 3. | 320100198 | Grant From Suchitwa Mission | 99897 |

*ഹെൽത്ത് ഗ്രാന്റിൽ സുലേഖ ചെലവു പത്രിക പ്രകാരം തൻവർഷം 234092/- രൂപ ചെലവുള്ളതാണ്.

## 1-1-22 ഡെപ്പോസിറ്റ് പ്രവർത്തികൾ- ചെലവു ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല

സുലേഖ ചെലവു പത്രിക പ്രകാരം 2022-23 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം.207/23- പ്രകാരം പോസ്റ്റ് ഷിഫ്റ്റിംഗിനായി 59209/- രൂപ കെ എസ് ഇ ബി -ക്ക് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ(P) വന്നിട്ടില്ല. 2022-23 വർഷം വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത പ്രസ്തുത തുകയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

## 1-1-23 വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ - വാട്ടർ അതോറിറ്റിക്ക് നൽകിയ ഡെപ്പോസിറ്റ് തുകയിൽ കുറവു വരുത്തി- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരം വാട്ടർ അതോറിറ്റിക്ക് നൽകിയ തുകയിൽ 7152321/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു.തൻവർഷം വാട്ടർ അതോറിറ്റിക്ക് തുക നൽകിയിട്ടില്ല. 2022-23 ബാലൻസ് ഷീറ്റ് പ്രകാരം 7091000/- രൂപയാണ് ബാലൻസ്. വ്യത്യാസ തുകക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

## 1-1-24 വസ്തു നികുതി -റസിഡൻഷ്യൽ നോൺ റെസിഡെൻഷ്യൽ തൻവർഷം, കുടിശ്ശിക, ബാലൻസ്-സഞ്ചയ പ്രകാരമുള്ള വിവരങ്ങളും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

| ഇനം | ഡിമാന്റ് | | കളക്ഷൻ | | അഡ്വാൻസ് ക്രമീകരിച്ചത് | | ബാലൻസ് | |
|---|---|---|---|---|---|---|---|---|
| | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | AFS | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ |
| Property Tax On Residential Building- Current | 1311902 | 1317386 | 1307818 | 1311429 | 4288 | 8305 | 0 | 2524 |
| Property Tax On Non Residential Building- Current | 1269287 | 1781332 | 1268993 | 1270975 | 307 | 2699 | 0 | 508767 |
| Property Tax On Residential Building- Arrear | 241859 | 184992 | 176929 | 176914 | 0 | 0 | 0 | 8491 |
| Property Tax On Non Residential Building- Arrear | 1312150 | 1229045 | 422719 | 423004 | 0 | 0 | 0 | 806369 |

അപാകത പരിഹരിക്കപ്പെടേണ്ടതാണ്.

## 1-1-25 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 7 പ്രകാരമുള്ള ഡെപ്പോസിറ്റുകളുടെ നീക്കിയിരുപ്പിൽ വ്യത്യാസം

വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരമുള്ള ഡെപ്പോസിററുകളുടെ നീക്കിയിരിപ്പിൽ കണ്ട വ്യത്യാസം താഴെ ചേർക്കുന്നു.

| ശീർഷകം | മുൻബാക്കി | വരവ് | ആകെ | ചെലവ്(rp-33) | മുതൽക്കൂട്ടിയത് | നീക്കിയിരുപ്പ് | ബി-7 പ്രകാരം നീക്കിയിരിപ്പ് | രജിസ്റ്റർ പ്രകാരം |
|---|---|---|---|---|---|---|---|---|
| 340100201 (ContractorsSD) | 89870 | 4616 | 94486 | 120775 | -- | -26289 | 19886 | OB-136045 CB-19886 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 340100202 (Suppliers SD) | 15606 | NIL | 15606 | 18132 | -- | -2526 | 9974 | OB-28106<br>CB-9974 |
| Road Cutting Deposit | Nil | 14371 | 14371 | 24224 | -- | -9853 | 0 | രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തലില്ല. |

1. ക്രമ നം 1 പ്രകാരമുള്ള ഇനത്തിന്റെ ശീർഷകം പരിശോധിച്ചതിൽ 6/22 ൽ 46175 രൂപ ഡെപ്പോസിറ്റ് തിരികെ നൽകിയത് എന്ന് രേഖപ്പെടുത്തി പെയ്മെന്റ് രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് 3/23 ൽ PRIOR PERIOD INCOME എന്ന് രേഖപ്പെടുത്തി 190200401 എന്ന ശീർഷകത്തിൽ ജേണൽ എന്ട്രി ഇട്ട് Other Income OB Correction എന്ന് ( 46175) രേഖപ്പെടുത്തിയിട്ടുണ്ട്. 340100201 ശീർഷകത്തിൽ ആയതുകൂടാതെ 37300 രൂപ വീതം രണ്ടു തവണയായി ജേണൽ ഇട്ട് കുറവു ചെയ്തിട്ടുമുണ്ട്. ടി ജേണൽ വൌച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. ആകെ 94486 രൂപ മാത്രം വരവുള്ള ടി ശീർഷകത്തിൽ 120775 രൂപ ചെലവു രേഖപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ( ഓഡിറ്റ് എൻക്വയറി നം 18/14-8-23) മറുപടി ലഭ്യമാക്കിയില്ല.

2. ക്രമ നം 2 പ്രകാരമുള്ള ഇനത്തിന്റെ ശീർഷകം പരിശോധിച്ചതിൽ 15606 രൂപ ഓപ്പണിംഗ് ബാലൻസുള്ള ടി ഇനത്തിൽ നിന്നും 8-6-22 ന് 18132 രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. 31-3-23 ന് 12500 രൂപ ജേണൽ എൻട്രിയായി Prior Period Income ഇനത്തിൽ ( ശീർഷകം 190200401) രേഖപ്പെടുത്തിയിട്ടുണ്ട്. ടി ജേണൽ വൌച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

3.ക്രമ നം 3 പ്രകാരമുള്ള ഇനത്തിന്റെ ശീർഷകം പരിശോധിച്ചതിൽ ഓപ്പണിംഗ് ബാലൻസില്ല.തൻവർഷത്തെ വരവ് 14371 രൂപയാണ്. എന്നാൽ 24224 രൂപ ചെലവു രേഖപ്പെടുത്തിയിട്ടുണ്ട്.ആകെ 14371 രൂപ മാത്രം വരവുള്ള ടി ശീർഷകത്തിൽ 24224 രൂപ ചെലവു രേഖപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ( ഓഡിറ്റ് എൻക്വയറി നം 18/14-8-23) മറുപടി ലഭ്യമാക്കിയില്ല.

4.Bidders Sd ഇനത്തിൽ 7400/- രൂപ നീക്കിയിരുപ്പ് ഉണ്ട് . രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം ടി തുക 2014, 2017 വർഷങ്ങളിൽ വരവു വന്നതാണ്. ടി തുക മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

## 1-2 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214, ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന ചട്ടങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം17/14-8-23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ബജറ്റ് 26.03.2022 ലെ സാധാരണ യോഗം 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

<u>ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.</u>

| | |
|---|---|
| മുന്നിരിപ്പ് | 5942351 |
| വരവ് | 351955489 |
| ആകെ | 357897840 |
| ചെലവ് | 355141500 |
| നീക്കിയിരിപ്പ് | 2756340 |

റിവൈസ്ഡ് ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 5486547 |
| വരവ് | 343335983 |
| ആകെ | 348822530 |
| ചെലവ് | 344518179 |
| നീക്കിയിരിപ്പ് | 4304351 |

2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ/ വകയിരുത്താതെ തുക ചെലവഴിക്കേണ്ടി വന്നതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

I) വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതൽ ആയോ കുറവായോ ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാഹരണം ചുവടെ

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് (ബജറ്റ് പ്രകാരം) | ഇനം | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1 | 1101001 | വസ്തു നികുതി | 4000000 | 3500000 | 3176459 |
| 3 | 1303001 | ഓഡിറ്റോറിയം ഹാൾ വാടക | 25000 | 20000 | 6000 |
| 4 | 1801001 | നിക്ഷേപങ്ങൾ കണ്ടുകെട്ടിയത് | 30000 | 30000 | 234630 |

Ii) 22-23ലെ ബജറ്റ്, 22-23 ലെ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് എന്നിവയിൽ വകയിരുത്താതെ / വകയിരുത്തിയതിനെക്കാൾ അധികമായി തുക ചെലവഴിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട്. (ബജറ്റ് പ്രകാരം) | ഇനം | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1 | 2501025 | Agricululture And Related Sectors-infrastructure | .. | .. | 38300 |
| 2 | 2501409 | Market Promotion – Marketing Mall For Agriculture /Industrial Product | - | -- | 2646 |
| 3 | 2502001 | Soil And Water Conservation | 2000000 | 2258000 | 2448000 |

Iii. വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ വലിയ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുക |
|---|---|---|
| പ്രാരംഭ ബാക്കി | 5942351 | 225286439 |
| തൻവർഷം വരവ് | 346013133 | 232454264 |
| ആകെ വരവ് | 351955489 | 233422810 |
| ചെലവ് | 355141500 | 228754917 |
| നീക്കിയിരിപ്പ് | 2756340 | 7943304 |

വ്യത്യാസത്തെ പറ്റി വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം-29/16-8-23 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകം വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ താഴെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 11111815 | 11111815 | 15923507 | -4811692 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 0 | 4851921 | 4851921 | 5263204 | -411283 |
| വികസനഫണ്ട് (ടി.സി.പി) | 0 | 119000 | 119000 | 356000 | -237000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 5804348 | 5804348 | 5155563 | 648785 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 3330102 | 3330102 | 4244635 | -914533 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 6632000 | 6632000 | 6322326 | 309674 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 17741000 | 17741000 | 17741000 | 0 |
| CSS | 0 | 0 | 0 | 1640377 | -1640377 |
| Sss | 0 | 0 | 0 | 1430000 | -1430000 |

വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സി.ആർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം ചെലവ് | എ.സി.ആർ പ്രകാരം ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരം ( I 6+ Corresponding Capital Contribution) |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 15923507 | 11111815 | 15923507 |
| വികസന ഫണ്ട് (ടി.സി.പി) | 356000 | 119000 | 356000 |
| വികസന ഫണ്ട് ( എസ്.സി.പി) | 5263204 | 4851921 | 5263204 |
| വികസന ഫണ്ട് ( CFC Tied) | 5155563* | 4244635 | 5084097 |
| വികസന ഫണ്ട് ( CFC Untied) | 4244635* | 5442751 | 4380778 |

* ചെലവ് സി എഫ് സി ഗ്രാന്റ് ഇനത്തിൽ സുലേഖ പ്രകാരം ചെലവ് 9400198 രൂപയും എ സി ആർ പ്രകാരം 9687386 രൂപയുമാണ്.

വ്യത്യാസം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വിവിധ ഇനം പദ്ധതികളിലായി അലോട്ട്മെന്റിൽ സോഴ്സ് ഡിഡക്ഷൻ വരുത്തിയ തുകയും സാമ്പത്തിക വർഷാവസാനം ക്യൂബില്ലിൽ ഉൾപ്പെട്ട് മാറാൻ കഴിയാത്ത തുകയാണ് എസി ആറിൽ വ്യത്യാസമായി കാണുന്നതെന്നാണ്.

1.എ. കേന്ദ്രാവിഷ്കൃത പദ്ധതി , സംസ്ഥാനാവിഷ്കൃത പദ്ധതി എന്നിവയുടെ മുന്നിരിപ്പ് , വരവ് , നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശം ലഭ്യമാക്കിയില്ല.

2)ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 7547443 | 5310804 | 70.36 |
| | പട്ടിക ജാതി | 440000 | 0 | 0 |
| സേവനം | പൊതുവിഭാഗം | 171303176 | 33952950 | 19.82 |
| | പട്ടിക ജാതി | 39264953 | 7494779 | 19.09 |
| | പട്ടിക വർഗ്ഗം | 7996555 | 1427488 | 17.85 |
| പശ്ചാത്തലം | പൊതുവിഭാഗം | 24708384 | 20671163 | 83.66 |
| | പട്ടിക ജാതി | 397197 | 0 | 0 |
| | പട്ടിക വർഗ്ഗം | 7996555 | 1427488 | 17.85 |

ചെലവു ശതമാനം കുറയാനിടയായ സാഹചര്യം വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടതിൽ വിവിധ ഫണ്ടുകളുടെ അവസാന

ഗഡു യഥാസമയം ലഭിക്കാത്തതാണ് ചെലവു ശതമാനം കുറയാനിടയായത് എന്നാണ്.

3)സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം.പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക (മറ്റുള്ളവ ഒഴികെ ) | ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം (%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 1958381 | 97771 | 4.99 |
| കുട്ടികൾ | 1970434 | 1959594 | 99.44 |
| വൃദ്ധർ | 1589190 | 1285053 | 80.36 |
| അതിദാരിദ്ര്യർക്ക് വേണ്ടിയുള്ള മൈക്രോ പ്ലാനുകൾ | 100000 | 0 | 0 |

4) പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട് അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യമായ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ സന്നദ്ധ പ്രവർത്തകർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് "വാതിൽപ്പടി സേവനം". ഇതിനായി ആവശ്യമായ ലാപ്ടോപ്, ബയോമെടിക് ഉപകരണങ്ങൾ, അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തുകൾ ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത തുക വാർഷിക പദ്ധതിയിൽ നീക്കിവയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ തൻവർഷം പ്രസ്തുത പദ്ധതിയ്ക്കായി തുക വകയിരുത്തിയതായി കാണുന്നില്ല. ആയതിനായി ബാങ്ക് അക്കൌണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിന് തൻ വർഷം പദ്ധതി നടപ്പാക്കിയിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

5) ആശ്രയ, അഗതി രഹിത കേരളം പദ്ധതി നടപ്പാക്കിയിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തൻവർഷം ഗ്രാമ പഞ്ചായത്ത് വിഹിതം ആവശ്യമായി വന്നിട്ടില്ലാത്തതിനാൽ പദ്ധതി തുക വകയിരുത്തിയിട്ടില്ല എന്നാണ്.

## 1-4 സാമ്പത്തിക അവലോകനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 7167825 |
| ഓഡിറ്റ് വർഷത്തെ വരവ് | 38423578 |
| ആകെ | 45591403 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37648099 |
| നീക്കിയിരിപ്പ് | 7943304 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 186862861/- രൂപയും ചെലവ് 191106818 /- രൂപയുമാണ് .

## 1-5 പദ്ധതി അവലോകനം

ഫണ്ട് വിനിയോഗം


(എ) 2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | 2022-23-ൽ സംസ്ഥാന ബജറ്റ് | 2022-23-ൽ ചെലവഴിച്ച | ക്യാരി ഓവറായി ലഭിച്ചത് കുറച്ച് |
|---|---|---|---|


| | അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുക | തുക( സുലേഖ പ്രകാരം) | നീക്കിയിരിപ്പ്/ ലാപ്സ് തുക |
|---|---|---|---|
| വികസനഫണ്ട് സാധാരണ വിഹിതം | 16750971 | 15923507 | 827464 |
| പട്ടിക ജാതി ഉപപദ്ധതി | 5827029 | 5263204 | 563825 |
| പട്ടിക വർഗ്ഗ ഉപപദ്ധതി | 356000 | 356000 | 0 |
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 6632000 | 6322326 | 309674 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 17741000 | 17741000 | 0 |
| ആകെ | 47307000 | 45606037 | 1700963 |

ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.

(1)




(2)




(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗ്ര.വി. ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| സെക്രട്ടറി | 34 | 33 | 1 | 13522831 | 10749487 | 79.49 |
| കൃഷി ഓഫീസർ | 14 | 13 | 1 | 1229835 | 1100930 | 89.5 |
| ഫിഷറീസ് | 1 | 1 | - | 80000 | 16000 | 20 |
| വെറ്റിനറി സർജൻ | 6 | 4 | 2 | 875500 | 422294 | 48.2 |
| മെഡിക്കൽ ഓഫീസർ FHC | 15 | 13 | 2 | 7111800 | 5665894 | 79.67 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 4 | 4 | - | 1340000 | 1313836 | 98.05 |
| വി ഇ ഒ | 25 | 19 | 6 | 177954019 | 12582453 | 7 |
| ICDS | 18 | 18 | - | 5920369 | 5013971 | 84.69 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 74 | 61 | 13 | 38894440 | 27685712 | 71.18 |
| ഹെഡ് മാസ്റ്റർ ആട്ടുകാൽ | 13 | 13 | - | 3104914 | 2983027 | 96.07 |
| ഡെയറി ഫാം ഇൻസ്റ്റക്ടർ | 2 | 2 | - | 1624000 | 1323580 | 81.5 |

(സി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 20052350 | 15923507 | 79.40 |
| എസ്.സി.പി. | 7311583 | 5263204 | 71.98 |
| ടി.എസ്.പി. | 593000 | 356000 | 60 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 10582882 | 9400198 | 88.82 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 9053962 | 1640377 | 18.11 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 75630000 | 1430000 | 1.8 |
| തനത് ഫണ്ട് | 2676957 | 1803909 | 67.38 |

| | | | |
|---|---|---|---|
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 40573102 | 7237446 | 17.83 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 56550690 | 1505125 | 2.66 |
| മെയിന്റനൻസ് നോൺ റോഡ് | 6632000 | 6322326 | 95.3 |
| റോഡ് | 21451882 | 17741000 | 82.7 |
| മറ്റുള്ളവ | 173939100 | 5440000 | 3.12 |
| ആകെ | 425596808 | 74297184 | 17.45 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ(മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 206 | 181 | 25 | 251657708 | 68857184 | 27.36 |

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1പ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 03.12.2021ലെ (1)-ാം നമ്പർ തീരുമാനപ്രകാരം 17 അംഗങ്ങളെ ഉൾപ്പെടുത്തി പുനഃ സംഘടിപ്പിച്ചു. എന്നാൽ, 12.05.2022, 22.12.2022 എന്നീ തീയതികളിലെ യോഗങ്ങളിൽ 8 പേർ വീതമാണ് പങ്കെടുത്തത്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധീകരിച്ചതായി അറിയിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റ് ഒരു വർഷത്തിലേറെയായി പ്രവർത്തന സജ്ജമല്ലാത്തതിനാൽ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 06/07.08.2023ന്റെ മറുപടി)

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം 13വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 03.12.2021 തീയതിയിലെ പഞ്ചായത്ത് കമ്മറ്റിയുടെ 1(2) നം തീരുമാന പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പുന.സംഘടിപ്പിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ നാമ മാത്രമായ പ്രാതിനിധ്യമാണ് യോഗങ്ങളിലുള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. പദ്ധതി രൂപീകരണത്തിനു ശേഷം നിർവ്വഹണ ഘട്ടത്തിൽ ഓരോ വർക്കിംഗ് ഗ്രൂപ്പുകളും മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിച്ച് പ്രോജക്ട്കളുടെ നിർവ്വഹണ പുരോഗതി വിലയിരുത്താറുണ്ട് എന്നറിയിച്ചുവെങ്കിലും വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സിൽ ഇപ്രകാരം മോണിറ്ററിംഗ് നടന്നതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതനുസരിച്ച് ലഭ്യമാക്കിയ മറുപടിയിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ വരുന്ന പ്രോജക്ട് നിർദ്ദേശങ്ങളുടെ ബാഹുല്യം കാരണം എല്ലാ നിർദ്ദേശങ്ങളും പ്രോജക്ടുകളായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയില്ല എന്നും ബഡ്ജറ്റ് അലോക്കേഷൻ പ്രകാരം അനുവദിച്ചിട്ടുള്ള തുക, ഓരോ മേഖലകൾക്കും വിഭാഗങ്ങൾക്കും വകയിരുത്തേണ്ട നിർബന്ധിത വകയിരുത്തൽ, സർക്കാർ നിർദ്ദേശ പ്രകാരം നിർബന്ധമായും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾക്ക് തുക മാറ്റിവയ്ക്കൽ, തനത് ഫണ്ട് ലഭ്യത തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ച് മാത്രമേ വാർഷിക പദ്ധതിയിൽ പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ കഴിയുകയുള്ളുവെന്നും അറിയിച്ചു. കൂടാതെ മേൽ പറഞ്ഞ വിഭാഗങ്ങൾക്കും മേഖലകൾക്കും സർക്കാർ നിർദ്ദേശ പ്രകാരം ഏറ്റെടുക്കേണ്ട പ്രോജക്ടുകൾക്കും ഫണ്ട് വകയിരുത്തിയതിന് ശേഷം തുച്ഛമായ ഫണ്ട് മാത്രമേ ബാക്കിയുണ്ടാവുകയുള്ളൂ എന്നതിനാൽ തന്നെ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശ പ്രകാരമുള്ള പ്രോജക്ടുകളൊന്നും തന്നെ ഏറ്റെടുക്കാൻ കഴിയാത്ത

സാഹചര്യമാണെന്നും അറിയിച്ചു. അതിനാൽ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള പ്രോജക്ട് നിർദ്ദേശങ്ങൾ വാർഷിക പദ്ധതിയിൽ പ്രോജക്ടുകളായി ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നറിയിച്ചു. (ഓഡിറ്റ് എൻക്വയറി നമ്പർ 06/07.08.2023ന്റെ മറുപടി)

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | അഭിപ്രായം |
|---|---|---|---|---|
| 1 | കൃഷി | 17.05.2022 | 1. വളർത്ത് മത്സ്യങ്ങളുടെ വിപണനം<br>2. സംയോജിത കർഷക തോട്ടങ്ങൾ – ഫാം ടൂറിസം | നടപ്പാക്കിയിട്ടില്ല എന്ന് മറുപടി നൽകി |
| 2 | വനിതാ വികസനം | 17.05.2022 | പ്രീ മരൈറ്റൽ കൌൺസലിംഗ്, പേരന്റിംഗ് ക്ലിനിക്ക് എന്നിവ ആരംഭിക്കുന്നത് | “ |
| 3 | മൃഗസംരക്ഷണവും ക്ഷീരവികസനവും | 17.05.2022 | പാലിൽ നിന്നും ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന സംരംഭ യൂണിറ്റുകൾ | “ |

<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേന നടപ്പാക്കിയതിന്റെയും വിശദാംശം ആവശ്യപ്പെട്ടുവെങ്കിലും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സാധിക്കാത്ത അതേ കാരണങ്ങളാൽ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള പ്രശ്ന പരിഹാരത്തിനുള്ള പ്രോജക്ട്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നറിയിച്ചു. (ഓഡിറ്റ് എൻക്വയറി നമ്പർ 06/07.08.2023ന്റെ മറുപടി)

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | അഭിപ്രായം |
|---|---|---|---|---|
| 1 | സാമൂഹ്യനീതി | ഗുരുതരം | 1. ഭിന്നശേഷിക്കാർക്ക് സ്പെഷ്യൽസ്കൂളിന്റെ അഭാവം<br>2. ഭിന്നശേഷിക്കാരുടെ മാതാപിതാക്കൾ അനുഭവിക്കുന്ന തൊഴിലില്ലായ്മ | നടപ്പാക്കിയിട്ടില്ല എന്ന് മറുപടി നൽകി |
| 2 | വനിതാ വികസനം | ഗുരുതരം | അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ | “ |
| 3 | കുടിവെള്ളം, ശുചിത്വം | ഗുരുതരം | കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കപ്പെടുന്നു | “ |
| 4 | വിദ്യാഭ്യാസം, കല-സംസ്കാരം, യുവജനകാര്യം | അതി ഗുരുതരം | ലഹരി ഉപയോഗം ബോധവത്കരണത്തിന്റെ കുറവ് | “ |
| 5 | ജൈവവൈവിധ്യ കാലാവസ്ഥാ വ്യതിയാന ദുരന്ത നിവാരണം | ഗുരുതരം | തോടുകളിലും കുളങ്ങളിലും മാലിന്യങ്ങൾ കുന്നുകൂടുന്നത് നിമിത്തം വെള്ളപ്പൊക്ക ഭീഷണിയും കൃഷി | “ |

| | | | | |
|---|---|---|---|---|
| | | | നാശവും | |

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. എന്നാൽ ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ല.

വായ്പ

മാർഗ്ഗരേഖ 3.4.1.8(എ) പ്രകാരം ആസൂത്രണ സമിതിയുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും സംയുക്ത യോഗത്തിൽ തദ്ദേശഭരണ സ്ഥാപന പ്രദേശത്ത് പ്രവർത്തന മേഖലയുള്ള ബാങ്ക് പ്രതിനിധികളുമായി പ്രോജക്ടുകൾ പ്രകാരമുള്ള വായ്പാ ആവശ്യങ്ങൾ ചർച്ച ചെയ്ത് നിലവിലുള്ള സാദ്ധ്യതകൾ സംബന്ധിച്ച് വ്യക്തത വരുത്തണമെന്നുണ്ട്. പദ്ധതി രൂപീകരണ നടപടിക്രമത്തിന്റെ ഭാഗമായി ബാങ്ക് അധികൃതരുമായി ചർച്ച നടത്തിയെങ്കിലും വാർഷിക പദ്ധതിയിൽ ബാങ്ക് ലിങ്ക്ട് പ്രോജക്ടുകളെന്നും ഏറ്റെടുത്തിട്ടില്ല എന്നറിയിച്ചു. (ഓഡിറ്റ് എൻക്വയറി നമ്പർ 06/07.08.2023ന്റെ മറുപടി)

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) പ്രകാരം ഗ്രാമപഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. തൻവർഷം അപ്രകാരം തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് പദ്ധതികൾ നടപ്പാക്കിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

CSR ഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല.

ആസ്തി സംരക്ഷണ പദ്ധതി

മാർഗ്ഗരേഖ ഖണ്ഡിക 6.8 പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കണമെന്നുണ്ട്.

ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും എല്ലാ ആസ്തികളും പൂർണ്ണമായും ഉൾപ്പെടുത്തിയി ട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

ലഭ്യമാകുന്ന പദ്ധതിപ്പണം മാർഗ്ഗരേഖ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരമാവധി വികസനത്തിനുതകുന്ന വിധം ആവശ്യകതാ നിർണ്ണയം നടത്തി തുക പാഴാക്കാതെ ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-6 വിവിധ ക്ഷേമ പദ്ധതികൾ

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽ രഹിത വേതനം | -- | -- |
| 2 | കർഷക തൊഴിലാളി പെൻഷൻ | 5746200 | 511 |
| 3 | വിധവ പെൻഷൻ | 13628000 | 1262 |
| 4 | വാർദ്ധക്യകാല പെൻഷൻ | 21614600 | 2158 |
| 5 | വികലാംഗ പെൻഷൻ | 3400800 | 312 |
| 6 | # വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |
| 7 | 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 346600 | 32 |

# വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായമായി 60000/- രൂപ 01/02/23- ൽ 24/22- ബിൽ നമ്പരായി മാറിയിട്ടുണ്ട് എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ആ തുക കാണുന്നില്ല

## 1-6-1 സാമൂഹ്യ സുരക്ഷാപെൻഷൻ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണം ചെയ്യുമ്പോൾ പെൻഷൻ രജിസ്റ്ററിൽ പെൻഷൻ അനുവദിച്ച വ്യക്തികളുടെ സ്റ്റാറ്റസ് കോളത്തിൽ അപേക്ഷ ലഭിച്ച തീയതി , ടി വ്യക്തികളുടെ പേര്, ഫൈൽ നം, എന്നു മുതലാണ് പെൻഷൻ അനുവദിച്ചത്, പെൻഷൻ എെഡി നമ്പർ എന്നീ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ് എന്നാൽ ഇത്തരം നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഇവിടെ വിവിധ പെൻഷൻ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈ സാമ്പത്തിക വർഷം സാമൂഹ്യസുരക്ഷാപെൻഷൻ അടിസ്ഥാനപ്പെടുത്തി എത്ര അപേക്ഷകൾ ലഭിച്ചേന്നോ, അപേക്ഷകളിൽ തീരുമാനമെടുത്ത് പെൻഷൻ അനുവദിച്ച വിവരമോ അറിയാൻ കഴിയുന്നില്ല. പഞ്ചായത്ത് ഡയറക്ടറുടെ 28/09/2019 ലെ സർക്കുലർ പ്രകാരം സാമൂഹ്യ സുരക്ഷാപെൻഷൻ സംബന്ധിച്ച അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീരുമാനം എടുത്ത് അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും, അവ യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ് എന്നാൽ ഈ നടപടി ക്രമം പാലിച്ചിട്ടില്ല. ഇതിന്റെ വിശദീകരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/22-23, 14/08/23) രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ട് അത് ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ട് എന്നാണ്. എന്നാൽ ഓഡിറ്റിൽ രജിസ്റ്ററുകൾ ഒന്നും ഹാജരാക്കിയില്ല. ആയതിനാൽ ഈ മറുപടി തൃപ്തികരമല്ല.

## 1-6-2 പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു.

2022-2023 സാമ്പത്തിക വർഷത്തിൽ പനവൂർ ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളുടെ വിവരവും സേവനസോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വ്യക്തികളുടെ പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു.

സർക്കുലർനം 69/2018/ധന, തീയതി26/07/2018-ലെ മരണപ്പെട്ടവരുടെയും, പുനർ വിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി/ ആശാവർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം ഡാറ്റാ ബേസിൽ നിന്നും സെക്രട്ടറിമാർ ഒഴിവാക്കേണ്ടതാണ്. പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണം. മരണപ്പെട്ട വ്യക്തികളെ സേവന സോഫ്റ്റ്‌വെയറിൽ നിന്നും സസ്പെന്റ് ചെയ്യുവാൻ സെക്രട്ടറി നടപടി സ്വീകരിക്കണം. ഈ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു

| ക്രമ നം | ആധാർ നം | പേര് | പെൻഷൻ | മരിച്ച തീയതി | അധികം കൈപ്പറ്റിയ കാലയളവ് | തുക | Status |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 351264332144 | രുഗ്മിണിയമ്മ | കർഷകതൊഴിലാളി പെൻഷൻ | 26/01/23 | 02/23 To 4/23 | 4800 | Active |
| 2 | 495658271064 | സുബൈദ ബീവി | വിധവാ പെൻഷൻ | 02/03/23 | 03/23 To 4/23 | 3200 | Active |
| 3 | 324816450352 | അബ്ദുൾ അസീസ് | വാർദ്ധക്യ കാല പെൻഷൻ | 27/01/23 | 02/23 To 04/23 | 4800 | Active |
| 4 | 827119652348 | രാമചന്ദ്രൻ നായർ | കർഷകതൊഴിലാളി പെൻഷൻ | 04/05/22 | 06/22 To 04/23 | 17600 | Active |
| 5 | 486272592580 | ബഷീർ എസ് | കർഷകതൊഴിലാളി പെൻഷൻ | 13/08/22 | 09/22 To 03/23 | 11200 | Active |
| 6 | 764954871971 | എ നാരായണന് | കർഷകതൊഴിലാളി പെൻഷൻ | 15/09/22 | 10/22 To 04/23 | 11200 | Active |
| 7 | 838786855630 | ശശിധരൻ നായർ | വാർദ്ധക്യ കാല പെൻഷൻ | 03/03/22 | 04/22 To 4/23 | 20800 | Active |
| ആകെ | | | | | | 73600 | |

ഇതിന്റെ വിശദീകരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/22-23, 14/08/23) അധികമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. അധികമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-6-3 ഡേറ്റാബേസിൽ നിന്നും ഒഴിവാക്കപ്പെടാതെ സേവനാ സോഫ്റ്റ് വെയറിൽ ആക്ടീവായി തുടരുന്ന പെൻഷൻ അക്കൗണ്ടുകൾ

2022-2023 സാമ്പത്തിക വർഷത്തിൽ പനവൂർ ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളുടെ വിവരവും സേവനസോഫ്റ്റ്വെയറും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വ്യക്തികളുടെ പെൻഷൻ മരണ ശേഷവും ആക്ടീവായി തുടരുന്നു. മരണപ്പെട്ട വ്യക്തികളെ സേവന സോഫ്റ്റ്വെയറിൽ നിന്നും സസ്പെന്റ് ചെയ്യുവാൻ സെക്രട്ടറി നടപടി സ്വീകരിക്കണം. ഈ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു

| ക്രമ നം | പേര് | ആധാർ നം | പെൻഷൻ |
|---|---|---|---|
| 1 | ചെല്ലമ്മ | 921080816488 | വാർദ്ധക്യ കാല പെൻഷൻ |
| 2 | മൈതീൻ ബീവി | 557554905338 | കർഷകതൊഴിലാളി പെൻഷൻ |
| 3 | എൻ വിശ്വാമിത്രൻ | 854883560465 | കർഷകതൊഴിലാളി പെൻഷൻ |
| 4 | കൊച്ചാപ്പി | 347140515815 | കർഷകതൊഴിലാളി പെൻഷൻ |
| 5 | ചന്ദ്രശേഖരൻ നായർ | 910364191481 | കർഷകതൊഴിലാളി പെൻഷൻ |
| 6 | പുരുഷോത്തമൻ | 318380461269 | വാർദ്ധക്യ കാല പെൻഷൻ |
| 7 | സരസ്വതിയമ്മ | 674813655775 | കർഷകതൊഴിലാളി പെൻഷൻ |
| 8 | കൃഷ്ണനാശാരി | 787107966745 | കർഷകതൊഴിലാളി പെൻഷൻ |
| 9 | ഭാനുമതി | 328672342799 | കർഷകതൊഴിലാളി പെൻഷൻ |
| 10 | സൈനബ | 246320907688 | വാർദ്ധക്യ കാല പെൻഷൻ |

ഇതിന്റെ വിശദീകരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (26/22-23, 14/08/23) മരണപ്പെട്ട വ്യക്തികളുടെ പെൻഷനുകൾ യഥാസമയം സേവനയിൽ നിന്നും ഒഴിവാക്കുന്നതാണ് എന്ന് അറിയിച്ചു.

## 1-6-4 വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം

വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായമായി 60000/- രൂപ 01/02/23- ൽ 24/22- ബിൽ നമ്പരായി മാറിയിട്ടുണ്ട് എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ആ തുക കാണുന്നില്ല

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-08-2023 തീയതിയിൽ 3.00 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14751/-(ഇരുപനായിരത്തി ഇരുന്നൂറ്റി ഇരുപത്തി മൂന്ന് )രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിലൂടെ താഴെ പറയുന്ന വിഷയങ്ങളിലെ അപാകം പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

1.ചെലവ് വൗച്ചറുകൾ യഥാസമയം ബുക്ക് ചെയ്യുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഏപ്രിൽ, മേയ് മാസത്തെ പേമെന്റ് വൗച്ചറുകൾ മാത്രം പരിശോധിച്ചതിൽ പേമെന്റ് ഓർഡർ ലഭ്യമാകുന്നതിനുമുൻപ് തന്നെ ചെക്ക് മുഖേന തുകകൾ പിൻവലിച്ചതായി കാണുന്നു.ബിൽ രജിസ്റ്റർ, ബാങ്ക് ബുക്ക് എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് അക്കൌണ്ടിൽ നിന്നല്ലാതെ തുക പിൻവലിച്ചിരിക്കുന്നതായി കാണുന്നു.

2.ഓഫീസ് പ്രവർത്തനം നിരീക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ ജീവനക്കാരുടെ യോഗം ചേരേണ്ടതുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം യോഗം ചേർന്നിട്ടില്ല.ഓഫീസ് മീറ്റിംഗ് മിനുട്സ് പരിശോധിച്ചതിൽ 2022-23 വർഷം ആകെ രണ്ടു തവണ മാത്രമാണ് ഓഫീസ് മീറ്റിംഗ് നടത്തിയിട്ടുള്ളത്. ആയതിൽ 19-5-22 ലെ മീറ്റിംഗിലെ തീരുമാനങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

3. ജീവനക്കാരുടെ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ കൃത്യമായി തനതു വരുമാന ശേഖരണം നടത്തുന്നതിൽ താഴെ പറയുന്ന ജാഗ്രതക്കുറവ് കാണുന്നു.

4. പഞ്ചായത്ത് പരിധിയിൽ റേഷൻകടകൾ, ഫാമുകൾ , ആശുപത്രികൾ എന്നിവ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച് വരുന്നു.

5.തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളിൽ നിന്നും /സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

6.വസ്തു നികുതി നിർണയിക്കുന്നതിലും ഈടാക്കുന്നതിലും അപാകതങ്ങൾ കണ്ടെത്തിയിട്ടുണ്ട്.തനത് വരുമാനം പൂർണമായി പിരിച്ചെടുത്ത് വരുമാന വർദ്ധനവുണ്ടാക്കുന്ന നടപടികളുണ്ടാകണം. വസ്തു നികുതി , തൊഴിൽ നികുതി എന്നിവ യുടെ പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

7.ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. കമ്മറ്റി തീരുമനപ്രകാരം ആസ്തി രജിസ്റ്ററി ലുൾപ്പെടുത്തുന്നതിനായി നിർദ്ദേശിച്ച ആസ്തികൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 21586 | 1269615 | 1291201 | 1287262 | 3939 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 56739647 | 56739647 | 56739647 | 0 |
| ആകെ | 21586 | 58009262 | 58030848 | 58026909 | 3939 |

1. വാർഷിക കണക്കിലെ എൻ ആർ ഇ ജി എസ് വരവു ചെലവുകൾ പരിശോധിച്ചതിൽ അഡ്മിൻ ഫണ്ടിന്റെ ചെലവു രേഖപ്പെടുത്തിയിരിക്കുന്നത് 1-14-F ന പകരം ഡി ബി റ്റി ആയി വരുന്ന ഇ എഫ് എം എസ് തുകയുടെ ചെലവു രേഖപ്പെടുത്തുന്ന I -14-C യിലാണ്.

2.വാർഷിക കണക്ക് പ്രകാരം ഇ എഫ് എം എസ് തുക 56722000 രൂപയാണ് ( I-6- 56722000+1287262=58009262)എന്നാൽ കാഷ് ബുക്ക് പ്രകാരം ഇ എഫ് എം എസ് തുക- 5758200 രൂപയാണ് . വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-9-1 തൊഴിലുറപ്പ് പദ്ധതി അപാകതകൾ

എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2022-23 ഖ,7.12.5 Annexure VII പ്രകാരം വർക്ക് ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട രേഖകൾ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ പരാമർശിക്കുന്ന രേഖകളിൽ താഴെ പറയുന്നവ ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല.

A. ഭൂരിഭാഗം പ്രവൃത്തികളുടെ ഫയലിലും സൈറ്റ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

B. ഡിസൈന്റെ കോപ്പി ഫയലിൽ ലഭ്യമല്ല.

C. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ്, പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ, പൂർത്തീകരണ ഘട്ടത്തിലെ ഫോട്ടോകളുടെ പ്രിന്റ് ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയത് ഫയലിൽ ലഭ്യമല്ല.

D. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2022-23, പ്രകാരം ഒരു പ്രവൃത്തിയുടെ ഓരോ മസ്റ്റർ കാലയളവിലും, മസ്റ്റർ റോൾ ക്ലോസ് ചെയ്ത് 3 ദിവസത്തിനകം അളവെടുത്ത് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള ഭൂരിഭാഗം പ്രവൃത്തികളുടെയും എം ബുക്കുകളിൽ ഇപ്രകാരം അളവ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മസ്റ്റർ റോൾ ക്ലോസ് ചെയ്യുന്ന മുറയ്ക്ക് അളവുകൾ മെഷർ ചെയ്തതു സംബന്ധിച്ച മറ്റു രേഖകളും സൂക്ഷിച്ചിട്ടില്ല.

E.നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നിനുള്ള ഉപാധിയാണ്. എന്നാൽ ഇവ മിക്ക ഫയലിലും ചേർത്തിട്ടില്ല.

F.പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

G. Material Vouchers& Bills വർക്ക് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

H. Muster Roll Movement Slip , Work Completion Certificate എന്നിവ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം, 36 ന് ഭാവിയിൽ ഇത്തരം അപാകങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-9-2 വട്ടയം- കോട്ടവരമ്പ് പാറയം മൺറോഡ് കോൺക്രീറ്റ്- അംഗീകാരം ലഭിക്കാത്ത സ്ഥലത്ത് പ്രവൃത്തി നടത്തി

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | വട്ടയം- കോട്ടവരമ്പ് പാറയം മൺറോഡ് കോൺക്രീറ്റ് |
| എം. ബുക്ക് നം. | 733 |

പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, സെക്രട്ടറി 12.06.2023 ൽ എം.എൻ.ആർ.ജി,എസ് ഓബുഡ്സ്മാന് നൽകിയ എസ്.സി-1/416/2020-ാം നം. കത്തു പ്രകാരം 2021-22 സാമ്പത്തിക വർഷം എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭിച്ച മേൽ പദ്ധതിയിൽ ശ്രീ, ജി .സുരേന്ദ്രൻനായരുടെ ടെണ്ടർ അംഗീകരിക്കുകയും കരാറുകാരനുമായി 10 റോഡുകളുടെ ടെണ്ടർ അംഗീകരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി 27.01.2023 ൽ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ടെന്ന് പരാമർശിച്ചിട്ടുണ്ട്. അതിൽ വട്ടയം കോട്ടവരമ്പ് പാറയം മൺറോഡ് കോൺക്രീറ്റ് ചെയ്യുന്നതിലേയ്ക്കായി ഫോറസ്റ്റിൽ നിന്നും അനുമതി ലഭിക്കേണ്ട പ്രവൃത്തിയ്ക്ക് സപ്ലൈ ഓർഡർ നൽകിയിരുന്നില്ലായെന്നും സൂചന കത്തിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് കരാർ എറ്റെടുത്തിരുന്ന സുരേന്ദ്രൻനായർ ഡി.എഫ്.ഒയുടെ അനുമതി ലഭിക്കുന്നതിന് മുൻപായി സ്വമേധയാ സാധനസാമഗ്രികൾ ഇറക്കി തൊഴിലാളികളെ ഉപയോഗിച്ച് പ്രവൃത്തി ചെയ്യിക്കുകയാണുണ്ടായതെന്നും മേൽ വിവരങ്ങൾ ഒന്നും തന്നെ ഓവർസിയർ, എ.ഇ , സെക്രട്ടറി എന്നിവരെ അറിയിച്ചിരുന്നില്ലായെന്നും മേൽ കത്തിൽ പരാമർശിച്ചിട്ടുണ്ട്. 11.03.2023 ന് ഡി.എഫ്.ഒ യുടെ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള അനുമതി ലഭിച്ചതിനെ തുടർന്ന് 17.03.2023 ൽ തൊഴിലുറപ്പ് തൊഴിലാളികളെ കൊണ്ട് മൂന്ന് ദിവസത്തെ മൺപണികൾ ചെയ്യാൻ ആരംഭിച്ചിട്ടുണ്ടെന്നും മേൽ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 11.3.2023 ലെ ജി/1461/2023 നം ഉത്തരവിൽ പരാമർശിക്കുന്ന സ്ഥലത്തല്ല കരാറുകാരൻ മെറ്റീരിയൽ സപ്ലൈ ചെയ്യുകയും തുടർന്നുള്ള പണികൾ ചെയ്തിട്ടുള്ളതെന്നും സെക്രട്ടറിയുടെ കത്തിൽ പരാമർശിച്ചിരിക്കുന്നു.

എം ബുക്ക് പ്രകാരം എർത്ത് വർക്ക് നടത്തിയതിന് (7.31m3) നടത്തിയതിന് 6 തൊഴിലാളികൾക്ക് പാർട്ട് പേമെന്റ് 1866/- രൂപ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. . മെറ്റീരിയൽ സപ്ലൈ ചെയ്യാൻ മാത്രം കരാറിലേർപ്പെട്ടിട്ടുള്ള കരാറുകാരൻ എം.എൻ.ആർ.ജി,എസ് പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തിയിൽ സ്വയമേവ റോഡ് കോൺക്രീറ്റ് ചെയ്തതിന്റെ

കാരണം വ്യക്തമല്ല. മേൽ പ്രവൃത്തിയിൽ കരാറുകാരൻ, എം.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികൾ(Skilled, Semi Skilled, ) എന്നിവർക്ക് തുക മാറി നൽകിയിട്ടില്ലായെന്നും Unskilled Labours ആയ രണ്ട് വ്യക്തികൾക്ക് മാത്രമാണ് 6 ദിവസത്തെ വേതനം അനുവദിച്ചിട്ടുള്ളതെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട് . ബഹു. ഓംബുഡ്സമാന് മുന്നിലുള്ള നിലവിലെ കേസിന്റെ അവസ്ഥ വിശദീകരിക്കാൻ ആവശ്യപ്പെട്ടതിൽ ബഹു. ഓംബുഡ്സ്മാൻ ആവശ്യപ്പെട്ടതിൻ പ്രകാരം സ്പഷ്ടീകരണവും സത്യവാങ്മൂലവും നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | ഓഡിറ്റ്റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| സി.എ.ജി.ഓഡിറ്റ് | 30/11/22 | 01/04/2016 മുതൽ 31/10/22 വരെ | 19/4/22 |
| പെർഫോമൻസ് ഓഡിറ്റ് | 30/4 /22 To 3/5/22 | 01/08/2021 മുതൽ 31/3/22 വരെ | 16/1/23 |

## 1-11-1 സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

റേഷൻകടകൾക്ക് ലൈസൻസ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2022-23 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് നൽകിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും 2022-23 വർഷവും റേഷൻ കടകളുടെ ലൈസൻസ് ഡിമാൻഡ് ചെയ്യാൻ ഗ്രാമ പഞ്ചായത്ത് തയ്യാറായിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ റേഷൻ കടകൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഫാമുകൾക്ക് ലൈസൻസില്ല

2022-23 വർഷത്തെ അവസ്ഥാ രേഖ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഡെയറി ഫാം-19, ഗോട്ട് ഫാം -11, ഇറച്ചിക്കോഴി-8, മുട്ടക്കോഴി- 1 എന്നിങ്ങനെ പ്രവർത്തിക്കുന്നുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 3 പൌൾട്രി ഫാമുകൾ മാത്രമാണ് ലൈസൻസ് നേടിയിട്ടുള്ളത്. മറ്റുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ23/2022-23, 14.08.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ആശുപത്രികൾ, ഓഡിറ്റോറിയം എന്നിവ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് വകുപ്പ് 232 ന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നിബന്ധനകൾ വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2022-23 വർഷം ലൈസൻസ് എടുക്കുകയോ പുതുക്കുകയോ ചെയ്തിട്ടില്ല. വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ23/2022-23, 14.08.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. പാരമ്പര്യ ആദിവാസി ചികിത്സാ കേന്ദ്രം

2. 12/147, ആശുപത്രി( ജോൺ നെസ്സാർ)

3. Hi ഓഡിറ്റോറിയം

4. സപര്യ ഓഡിറ്റോറിയം

5. പ്രിയ ഓഡിറ്റോറിയം

ഇവയ്ക്ക് ലൈസൻസ് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്

## 1-11-2 ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232ാം വകുപ്പ് പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക്

ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 2022-23 വർഷത്തിൽ പനവൂർ ഗ്രാമപഞ്ചായത്തിൽ വാണിജ്യാടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ള 1331 കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം 158 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലുള്ള 15 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ23/2022-23, 14.08.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 2022-23 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് നൽകിയില്ല. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം 158 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലുള്ള 15 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നുറപ്പ് വരുത്തുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11-3 അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

1996 കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 5,11 എന്നിവ പ്രകാരം ലൈസൻസിനായി 2022-23 വർഷം ലഭിച്ച അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഐ എൽ ജി എം എസ് സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനാലാണ് അപേക്ഷകൾ സൂക്ഷിക്കാത്തത്. എന്നതിനാൽ അവ ഓഡിറ്റിന് പരിശോധിക്കുന്നതിനായി ഐ എൽ ജി എം എസ് സോഫ്റ്റ് വെയറിൽ ആവശ്യ മായ ക്രമീകരണം സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് (നമ്പർ23/2022-23, 14.08.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയോ ആവശ്യമായ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അപേക്ഷകൾ ILGMS Audit Login- ൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. അതിനാൽ ലൈസൻസ് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച വരവിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

## 1-12 വളർത്തു നായകൾക്ക് ലൈസൻസ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. 2022-23 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 736വളർത്തുനായകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വളർത്തു നായകൾക്കുള്ള ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 319 വളർത്തു നായകൾക്കാണ് 2022-23 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത് . വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നമ്പർ22/2022-23, 14.08.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ വളർത്ത്നായകൾക്കും ലൈസൻസ് നൽകൽ ഊർജ്ജിതമാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി -അപാകതകൾ

1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽനികുതി ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധ വർഷത്തേയ്ക്ക് തൊഴിൽ നികുതി കൊടുക്കേണ്ടതാണെന്ന് സെക്രട്ടറിയ്ക്ക് അഭിപ്രായമുള്ള പക്ഷം തുടർന്നുള്ള അർദ്ധ വർഷത്തിൽ ഒരു നോട്ടീസ് പ്രകാരം പതിനഞ്ചു ദിവസത്തിനുള്ളില ഒരു റിട്ടേൺ സമർപ്പിക്കണമെന്ന് ആവശ്യപ്പെടാവുന്നതാണ്. സമർപ്പിക്കപ്പെടുന്ന റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ചുമത്താവുന്നതാണ്.

സ്ഥാപനം ലഭ്യമാക്കിയ തൊഴിൽനികുതി പത്രികകൾ, തൊഴിൽനികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

## 1-13-1 കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2022-23 വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ

നികുതി ഈടാക്കിയിട്ടില്ല. സ്ഥാപനം ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 18 കരാറുകാരാണ് തൻവർഷം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ളത്. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാത്തതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13 ന് വിവിധ മരാത്ത് പ്രവൃത്തികൾ ഏറ്റെടത്ത് നടപ്പിലാക്കിയ കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി ഒടുക്കു വരുത്തുന്നതിന് എ.ഇയ്ക്ക് കത്തു നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുമായി വിവിധ കരാറുകളിൽ ഏർപ്പെട്ട് 60 ദിവസത്തിലധികം പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ള കരാറുകാരിൽ നിന്നും മറ്റ് തദ്ദേശസ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് ഉറപ്പു വരുത്തി തൊഴിൽ നികുതി ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13-2 റേഷൻ കടകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിലവിൽ 11 റേഷൻ കടകൾ പ്രവൃത്തിക്കുന്നുണ്ടെന്ന് ഓഡിറ്റ് എൻക്വയറി നം.13 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് .സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ് ) എ9-764/2019-ാം നം .കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്

## 1-13-3 തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴവൻ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ,അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽപ്പറഞ്ഞവരുടെ സമ്പൂർണ്ണ ഡേറ്റാ ബേസും സ്ഥാപനം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിന്റെ കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13 ന് ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13-4 സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല

പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-27 (14 ാം പഞ്ചവത്സര പദ്ധതി) വർഷ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | എണ്ണം |
|---|---|
| കാനറാ ബാങ്ക് | 1 |
| ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് | 3 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 13 ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴവൻ സ്ഥാപനങ്ങളേയും കണ്ടെത്തേണ്ടതും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടു വരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ മേൽ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-13-5 തൊഴിൽ നികുതി പത്രിക അപൂർണ്ണം

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതിപത്രിക യിലെ രേഖപ്പെടുത്തൽ അപൂർണ്ണമായതിനാൽ തൊഴിൽ നികുതി പൂർണ്ണമായി ഒടുക്കിയിട്ടുണ്ടോയെന്ന് ഉറപ്പാക്കാനായിട്ടില്ല. ഉദാഹരണം ചുവടെ

A. മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് , പനവൂറിന്റെ പത്രികയിൽ അടിസ്ഥാനശമ്പളം, ക്ഷാമബത്ത എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ആകെ തുകമാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

B. മുസ്ലീം അസോസിയേഷൻ കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ജീവനക്കാരുടെ പത്രികയിൽ അടിസ്ഥാനശമ്പളം , ക്ഷാമബത്ത, ആകെ ശമ്പളം എന്നിവയൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽ നികുതി ഇനത്തിൽ ഈടാക്കേണ്ട തുക മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.13 ന് രേഖപ്പെടുത്തൽ പൂർണ്ണമാക്കി ലഭ്യമാക്കുന്നതിന് നിർദ്ദേശം

നൽകിയിട്ടുണ്ടെന്നും ആയത് പ്രകാരം തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13-6 തൊഴിൽ നികുതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം

ആട്ടുകാൽ ക്ഷീരോല്പാദക സഹകരണ സംഘം (I&II Half), കുടുംബശ്രീ( II Half) എന്നിവയിലെ ജീവനക്കാരുടെ തൊഴിൽ നികുതി കണക്കാക്കി സ്ഥാപന മേധാവി സമർപ്പിച്ചിട്ടുള്ള പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തൽ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 13 ന് അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും രേഖപ്പെടുത്തലുകൾ വരുത്തുന്നതിൽ അപാകത ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13-7 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല

I സപ്ലൈകോ സൂപ്പർമാർക്കറ്റ്

II. ആട്ടുകാൽ ക്ഷീരോല്പാദക സഹകരണ സംഘം

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 13 ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13-8 ഡിമാന്റ് ,കളക്ഷൻ, ബാലൻസ് തുകകൾ എ.എഫ്.എസും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

ജീവനക്കാരുടെതൊഴിൽനികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ എ.എഫ്.എസും തൊഴിൽനികുതി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| തൊഴിൽനികുതി രജിസ്റ്റർ | 655470 | 655470 | 0 |
| വാർഷിക ധനകാര്യ പത്രിക | 619400 | 619490 | 0 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.13 ന് രജിസ്റ്ററിലെ രേഖപ്പെടുത്തലിൽ വന്ന അപാകത മൂലം ഇപ്രകാരം സംഭവിച്ചതെന്നും അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14 നികുതി-നികുതിയേതര വരവുകൾ ആർജ്ജിക്കുന്നതിന് സ്ഥാപനം സ്വീകരിച്ചിട്ടുള്ള നടപടികൾ

നികുതി നികുതിയേതര വരവുകൾ ആർജ്ജിക്കുന്നതിൽ സ്ഥാപനം സ്വീകരിച്ചിട്ടുള്ള നടപടികൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2 ന് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു

| A | തനത് വരുമാനം. | | |
|---|---|---|---|
| ക്രമനം. | വിഷയം | തദ്ദേശസ്ഥാപനത്തിന്റെ മറുപടി | ഓഡിറ്റ് നിർദ്ദേശങ്ങൾ |
| 1 | 1-4-2023-ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ നടപ്പിലാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുക | ഇല്ല. നടപടിക്രമങ്ങൾ നടന്നു വരുന്നു. 11.4.2022 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും 24.4.2023 ലെ ജനറൽ കമ്മിറ്റിയും നിരക്കുകൾ താൽക്കാലികമായി അംഗീകരിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | 1.4.2023 ലെ ഉത്തരവ് പ്രകാരം വസ്തു നികുതി പരിഷ്കരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും മേൽ വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ് |

| | | | |
|---|---|---|---|
| 2 | ബജറ്റിലെ പ്രതീക്ഷിത വസ്തു നികുതി വരവ് ,ILGMS (വാർഷികധനകാര്യപത്രിക) വരവ്,സഞ്ചയ പ്രകാരമുള്ള വരവ് എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ടോ.? ഇല്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുക | ഇല്ല. 100% നികുതി പിരിവ് നടന്നെങ്കിലും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക വഴി പ്രതീക്ഷിച്ച തുക ലഭിക്കാത്തതു കാരണം ബഡ്ജറ്റിലെ പ്രതീക്ഷിത വസ്തു നികുതി പിരിവ് ലക്ഷ്യം നേടാൻ കഴിഞ്ഞില്ല | ബജറ്റ് യാഥാർത്ഥ തുകകളുമായി പൊരുത്തപ്പെടുന്നവിധം തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതും ബഡ്ജറ്റിലെ പ്രതീക്ഷിത വസ്തു നികുതി പിരിവ് കളക്ട് ചെയ്യാൻ കഴിയുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. |
| 3 | 1-4-2023-ലെ പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ നടപ്പിക്കിയിട്ടുണ്ടോ.? ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദീകരിക്കുക? | ഇല്ല. നടപടിക്രമങ്ങൾ നടന്നു വരുന്നു. 11.4.2022 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും 24.4.2023 ലെ ജനറൽ കമ്മിറ്റിയും നിരക്കുകൾ താൽക്കാലികമായി അംഗീകരിച്ചിട്ടുണ്ട്. ആയത് ആക്ഷേപം സ്വീകരിക്കുന്നതിനായി പൊതുജനസമക്ഷം സമർപ്പിച്ചിട്ടുണ്ട്. ഗ്രാമസഭയിൽ കരട് നൽകി. വർഡുതലത്തിൽ കെട്ടിട അസസ്സെമന്റിനയി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ഇൻറർവ്യൂ മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. | 1.4.2023 ലെ ഉത്തരവ് പ്രകാരം വസ്തു നികുതി പരിഷ്കരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും മേൽ വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ് |
| 4 | 1-4-2022-ലെ ആകെ കെട്ടിട നികുതി ഡിമാൻഡ് എത്രയായിരുന്നുവെന്നും പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിലായപ്പോഴുള്ള ഡിമാൻഡ് എത്രയായിരുന്നെന്നും വ്യക്തമാക്കുക? | A.പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിന് ആകുന്നതിന് മുമ്പുള്ള ഡിമാൻഡ് തുക-3096558 B.പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിൽ ആയപ്പോഴുള്ള ഡിമാൻഡ് തുക - പരിഷ്കരിച്ച് വസ്തു നികുതി നിരക്കുകൾ പ്രാബല്യത്തിൽ വന്നിട്ടില്ല | വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കിയശേഷമുള്ള ഡിമാന്റ് എത്രയാണെന്ന് റിപ്പോർട്ട് ചെയ്യേണ്ടതാണ് |
| 5 | സർക്കാർ നിശ്ചയിച്ച നികുതി നിരക്കുകൾ അടിസ്ഥാനപ്പെടുത്തി തദ്ദേശസ്ഥാപനം വിജ്ഞാപനത്തിലൂടെ ഓരോ കെട്ടിടത്തിനും അടിസ്ഥാന നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ തിയതി,തീരുമാനം നമ്പർ. | 24.4.2023 ലെ 5(1)-ാം നം. തീരുമാനം | 1.4.2023 ലെ ഉത്തരവ് പ്രകാരം വസ്തു നികുതി പരിഷ്കരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും മേൽ വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ് |
| 6 | ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തികരിച്ച് ഡാറ്റാ ലോക്ക് ചെയ്തിട്ടുണ്ടോ.? | ഉണ്ട് | 2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) |

| | | | |
|---|---|---|---|
| | | | ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി വിവരങ്ങളുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. സഞ്ചയസോഫ്റ്റ്വെയർ വ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശം നടത്തി ഫാറം 6 തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനും കൂടാതെ 2022-23 വർഷത്തെ വ്യൂരിഫിക്കേഷൻ രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 43 ന് കെട്ടിട ഉടമയിൽ നിന്ന് മേൽചട്ടപ്രകാരമുള്ള അപേക്ഷകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലായെന്നും അതിനാൽ തുടർ നടപടികൾ | |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടില്ലായെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിമുക്ത ഭടൻമാരുടെ ചില കെട്ടിടങ്ങൾ ഡിമാന്റിൽ ഉൾപ്പെട്ടത് ഒഴിവാക്കുന്നതിനായി പ്യൂരിഫിക്കേഷൻ നടത്തിയിട്ടുണ്ടെന്നും അത് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയെങ്കിലും ഫാറം 6, ഡേറ്റാ പ്യൂരിഫിക്കേഷൻ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഡേറ്റാ പ്യൂരിഫിക്കേഷന്റെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല. |
| 7 | തദ്ദേശസ്ഥാപനം 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും ചട്ടങ്ങൾ ) ചട്ടം 7 പ്രകാരം മേഖലാ വിഭജനം നടത്തി വിവരം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ തിയതി ,തീരുമാന നമ്പർ. | ഉണ്ട് 24.4.2023 | 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. അത്തരത്തിലൊരു മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയിരിക്കുന്നു. |
| 8 | റോഡ് മാപ്പ് പ്രസിദ്ധീകരിച്ചതിന്റെയും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ടാക്സ് നിർണയിക്കുന്നതിന്റെ നടപടിക്രമങ്ങൾ സ്വീകരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കുക | 24.4.2023 തീയതിയിലെ ഭരണസമിതി തീരുമാനപ്രകാരം അംഗീകരിച്ച നടപ്പിലാക്കിയിട്ടുണ്ട്. | 24.4.2023 ലെ ജനറൽ കമ്മിറ്റി നിരക്കുകൾ താൽക്കാലികമായി അംഗീകരിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. |
| 9 | തദ്ദേശസ്ഥാപനത്തിന്റെ അനുമതിയില്ലാതെയും,അനുമതി വാങ്ങിയശേഷവും കൂടുതൽ വിസ്തീർണം വർദ്ധിപ്പിച്ച് ഉണ്ടാകുന്ന കെട്ടിടങ്ങളുടെ നികുതി ചോർച്ച കണ്ടെത്തിയ ഫീൽഡ് തല അന്വേഷണവിവരങ്ങൾ. | അത്തരം കെട്ടിടങ്ങൾ സംബന്ധിച്ച ഫീൽഡ് തല റിപ്പോർട്ട് തയ്യാറാക്കി വരുന്നു. | ആയത് സംബന്ധിച്ച വിശദാംശങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. |

| | | | |
|---|---|---|---|
| 10 | എല്ലാ വാണിജ്യാവശ്യകെട്ടിടങ്ങൾക്കും സർക്കാർ വിജ്ഞാപനപ്രകാരമുള്ള നികുതി ചുമത്തിയിട്ടുണ്ടോ.? ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുക? | ഉണ്ട് | പ്രത്യേക പരാമർശമില്ല |
| 11 | A.അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ യഥാവിധി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളത് ഹാജരാക്കുക.<br>B.അപ്രകാരമുള്ള കെട്ടിടങ്ങളിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കുന്നുണ്ടോ.? വിശദാംശങ്ങൾ ലഭ്യമാക്കുക (തൻവർഷം) | ഉണ്ട് 2022-23 ൽ 100% തുകയും ഈടാക്കിയിട്ടുണ്ട് | തൻവർഷം അനധികൃത കെട്ടിടങ്ങളിൽ നിന്നും ഈടാക്കിയ നികുതിയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. |
| 12 | തദ്ദേശ സ്ഥാപന പരിധിയിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ മൊബൈൽ ടവറുകളിൽ നിന്നും 02.02.2022 ലെ RD3/94 /2020/ത.സ്വ.ഭ.വ സർക്കുലർ പ്രകാരമുള്ള നികുതി കുടിശ്ശികയില്ലാതെ ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ.?<br>കുടിശ്ശികയുണ്ടെങ്കിൽ ആയത് പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ. | ഉണ്ട്. കുടിശ്ശിക ഇല്ല | മൊബൈൽ ടവറുകളിൽ നിന്ന് 2022-23 വർഷം സഞ്ചയ പ്രകാരം നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല. എന്നാൽ സഞ്ചയ പ്രകാരമുള്ള കളക്ഷന്റെ വിശദാംശം ഉറപ്പാക്കാനായിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. |
| 13 | തദ്ദേശ സ്ഥാപനം നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവനഉപനികുതി (കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ) ചട്ടം 26 പ്രകാരം ചുമത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുക? പ്രസ്തുത നികുതിയിനത്തിൽ കുടിശ്ശികയില്ല എന്ന് ഉറപ്പ് വരുത്താറുണ്ടോ? വിശദാംശങ്ങൾ ലഭ്യമാക്കുക? | സേവന നികുതി ഈടാക്കുന്നില്ല. ഇത് സംബന്ധ്ച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടില്ല | 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം26,27 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതിചുമത്താവുന്നതാണ്. ഇപ്രകാരം സേവന ഉപനികുതി ഈടാക്കുന്നുണ്ടെങ്കിൽ |

| | | | |
|---|---|---|---|
| | | | വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4 ന് സേവനനികുതി ഈടാക്കി വരുന്നില്ലായെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. വരുമാന വർദ്ധനവില്ലപരിയായി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാൻ സേവന ഉപനികുതി ചുമത്തുന്നതിലൂടെ സാധിക്കുന്നതാണ്. പഞ്ചായത്ത് ഭരണസമിതി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കേണ്ടതാണ്. |
| 14 | കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 31 പ്രകാരം വസ്തുനികുതിയിന്മേൽ സർചാർജ് ചുമത്തേണ്ട സാഹചര്യം നിലവിലുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുക | ഇല്ല | തനതുവരുമാനശേഖരത്തിന്റെ സാദ്ധ്യതകൾ പരിഗണിച്ച് പഞ്ചായത്ത് ഭരണസമിതി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കേണ്ടതാണ്. |
| 15 | നികുതിയിളവ് നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ടോ.? | ഉണ്ട് | നികുതിയിളവ് നൽകിയ കെട്ടിടങ്ങളുടെ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവയുടെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല |
| 16 | A.തദ്ദേശസ്ഥാപന പരിധിയിലെ സർക്കാർ/കേന്ദ്ര സർക്കാർ കെട്ടിടങ്ങളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുണ്ടോ?<br>B.കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർവ്വീസ് ചാർജ് (കേരള പഞ്ചായത്ത് രാജ് സേവനഉപനികുതിയും സർചാർജ് ചട്ടങ്ങൾ ചട്ടം 30 പ്രകാരം )ഈടാക്കുന്നുണ്ടോ.? വിശദാംശങ്ങൾ ലഭ്യമാക്കുക | ഉണ്ട്.<br>ഇല്ല. പഞ്ചായത്ത് കമ്മിറ്റി ഇത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല | തനതുവരുമാന വർദ്ധനവ് സാദ്ധ്യമാക്കുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർവ്വീസ് ചാർജ് (കേരള പഞ്ചായത്ത് രാജ് സേവനഉപനികുതിയും സർചാർജ് ചട്ടങ്ങൾ ചട്ടം 30 പ്രകാരം ഈടാക്കുന്നതിന് സാഹചര്യം ഉണ്ടെങ്കിൽ പഞ്ചായത്ത് ഭരണസമിതി ഉചിതമായ തീരുമാനം സ്വീകരിക്കേണ്ടതാണ്. |
| 17 | പുതിയ സേവനനികുതി മാർഗ്ഗങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടേ.? | ഇല്ല | തനത്ഫണ്ട് വർദ്ധിപ്പിക്കുന്നതിന് പുതിയ സേവനനികുതി മാർഗ്ഗങ്ങൾ ഭരണസമിതി അംഗീകരിച്ച് നടപ്പിലാക്കേണ്ടതാണ്. |
| 18 | സാംഖ്യയിൽ ക്യാൻസൽ ചെയ്ത എല്ലാ രസീതുകളും സഞ്ചയയിൽ ക്യാൻസൽ ചെയ്തതായി ഉറപ്പുവരുത്തിട്ടുണ്ടോ.? | ഉറപ്പു വരുത്തിയിട്ടുണ്ട് | 2022-23 സാമ്പത്തിക വർഷം ക്യാൻസൽ ചെയ്ത രസീതുകളുടെ റിപ്പോർട്ട് സ്ഥാപനം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ക്യാൻസൽഡ് രസീതുകളുടെ റിപ്പോർട്ടിൽ ഏതെല്ലാം ഇനങ്ങളിൽ ലഭ്യമായ തുകകൾ പ്രകാരമുള്ള രസീതുകളാണ് |

| | | | |
|---|---|---|---|
| | | | ക്യാൻസൽ ചെയ്തിരിക്കുന്നതെന്ന് വ്യക്തമല്ല. രസീതുകൾ സെക്രട്ടറിയുടെ അപ്രൂവലോടുകൂടി റദ്ദ് ചെയ്ത ശേഷം ആയതിന്റെ ഫയലുകൾ ഡിസ്പോസൽ ചെയ്യുകയാണ് ചെയ്യുന്നതെന്നാണ് സ്ഥാപനം അറിയിച്ചിട്ടുള്ളത്. ഡിസ്പോസ്ഡ് ഫയലുകൾ സെക്രട്ടറിയുടെ ലോഗിനിൽ ആർക്കൈവ്സിൽ മാത്രമേ ലഭ്യമാകുകയുള്ളൂവെന്ന് സ്ഥാപനം അറിയിച്ചിട്ടുള്ളതിനാൽ ഏതെല്ലാം ഇനങ്ങളിലുള്ള രസീതുകളാണ് ഇപ്രകാരം റദ്ദ് ചെയ്തിരിക്കുന്നതെന്ന് ഓഡിറ്റിൽ ഉറപ്പാക്കാനായിട്ടില്ല. റദ്ദ് ചെയ്ത രസീതുകളിൽ വസ്തുനികുതി ഇനത്തിലെ രസീതുകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവ സഞ്ചയയിലും വരവിനത്തിൽ ഒഴിവാക്കി ഡിമാന്റിൽ കുറവ് വരാതെ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. |

## 1-15 റവന്യൂ വരവ്- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

1. സ. ഉ(കൈ) നം. 117/2022/ Lsgd Dated 1.6.2022 പ്രകാരം തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. അത്തരത്തിലൊരു രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3 ന് 2022-23 സാമ്പത്തിക വർഷത്തിൽ നികുതി പിരിവ് 100% ആയതിനാൽ പ്രത്യക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലായെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. വാർഷിക ധനകാര്യപത്രിക പ്രകാരം മുൻവർഷങ്ങളിൽ നികുതി കുടിശ്ശിക ഉള്ളതിനാൽ പ്രസ്തുത മറുപടി സ്വീകാര്യമല്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള തനത് വരുമാന കുടിശ്ശിക രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

2. മേൽ ഉത്തരവ് പ്രകാരം എല്ലാ പ്രാദേശിക സർക്കാരുകളും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റുമെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്.കൂടാതെ നികുതി പിരിവിന്റേയും നികുതിയേതര വരവിന്റേയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണ്.

പ്രാദേശിക സർക്കാരുകളുടെ വായ്പയെ സംബന്ധിച്ച ഡി.സി.ബി പത്രിക തയ്യാറാക്കുകയു പ്രാദേശിക സർക്കാർ ഭരണസമിതി യോഗത്തിലും ഗ്രാമസഭകളിലും വാർഡ് കമ്മിറ്റികളിലും അവലോകനം നടത്തേണ്ടതുമാണ്.

ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടിണ്ടോയെന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3 ന് നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റുമെന്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച ഭരണസമിതി യോഗങ്ങളിൽ സമർപ്പിക്കാറുണ്ടെന്നും നികുതി പിരിവിന്റെയും നികുതിയേതര പിരിവിന്റേയും അവലോകനംഗ്രാമസഭകളിലും വാർഡ് മീറ്റീംഗുകളിലും നടത്താറുണ്ടെന്നും ഹഡ്കോയിൽ നിന്നു മാത്രമേ ലോൺ എടുത്തിട്ടുള്ളൂവെന്നും അത് പദ്ധതി രൂപീകരണ മോണിറ്ററിംഗ് സംബന്ധിച്ച ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്തിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത് .

9.12,22 ലെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിൽ ക്യാമ്പ് കളക്ഷൻ ആരംഭിക്കുന്നതിനും 100%നികുതി പിരിവ് ചെയ്യുന്നതിനും വേണ്ടിയുള്ള നടപടിക്രമങ്ങൾ നടത്തുന്നതിലേയ്ക്ക് തീരുമാനിച്ചിട്ടുണ്ടെങ്കിലും മറ്റ് നികുതി , നികുതിയേതര വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിലുള്ള പുരോഗതി കമ്മിറ്റി 2022-23 വർഷത്തെ യോഗങ്ങളിൽ വിലയിരുത്തിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ ഭരണസമിതി മിനിട്സിലും ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല. സർക്കാർ നിർദ്ദേശം പാലിച്ച് റവന്യൂ വരുമാനം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 നികുതി -നികുതിയേതര വരുമാനം- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിനുള്ള യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

2. വസ്തു നികുതി പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട അവലോകനം സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നടത്തിയിട്ടുള്ളതായി കാണുന്നില്ല. 9.12,22 ലെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിൽ ക്യാമ്പ് കളക്ഷൻ ആരംഭിക്കുന്നതിനും 100%നികുതി പിരിവ് ചെയ്യുന്നതിനും വേണ്ടിയുള്ള നടപടിക്രമങ്ങൾ നടത്തുന്നതിലേയ്ക്ക് തീരുമാനിച്ചിട്ടുണ്ടെങ്കിലും മറ്റ് നികുതി , നികുതിയേതര വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിലുള്ള പുരോഗതി കമ്മിറ്റി 2022-23 വർഷത്തെ യോഗങ്ങളിൽ വിലയിരുത്തിയിട്ടുള്ളതായി കാണുന്നില്ല.

3. .ഗ്രാമ പഞ്ചായത്തിന്റെ 2021-22 ന്റെ ബാലൻസ്ഷീറ്റിൽ B-15 Sundry Debtors (Receivables) എന്ന ഹെഡിൽ ഉള്ള തുക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

4. ഗ്രാമ പഞ്ചായത്തുകളിൽ 1-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച സ.ഉ. (കൈ) നം. 77/2023/LSGD തീയതി 22/03/2023 ലെ 1 മുതൽ 5 വരെയുള്ള ഖണ്ഡികകളിന്മേൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 42 ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യമായ ഇടപെടലുകൾ നടത്താറുണ്ടെങ്കിലും പഞ്ചായത്തിലെ ആകെ ജനങ്ങളുടെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് അധിക നികുതി ചുമത്തുന്നതിനുള്ള സാഹചര്യമില്ലായെന്നും വസ്തു നികുതി പിരിവും നികുതിയേതര വരുമാനവും 2022-23 വർഷം 100% ആണെന്നും എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കോടതി സ്റ്റേ, ആർ,ആർ നടപടികൾ സ്വീകരിച്ചവ എന്നിവയൊഴികെ മറ്റെല്ലാ നികുതികളും പിരിച്ചെടുത്തിട്ടുണ്ടെന്നും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്നും ആക്ഷേപങ്ങൾ ലഭ്യമാകാത്തതിനാൽ വസ്തു നികുതി പരിഷ്കരണം അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-17 വസ്തുനികുതി-അപാകതകൾ

വസ്തു നികുതി ഈടാക്കിയതിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

### 1-17-1 സത്യവാങ്മൂലം സമർപ്പിക്കാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകി

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. വാർഡ്10 മാത്രം പരിശോധിച്ചതിൽ നിന്ന് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് |
|---|---|---|
| 1 | 10/81 | ജാസ്മിൻ/മുഹമ്മദ് |
| 2 | 10/83 | റജീലാബീവി |
| 3 | 10/92 | റൈഹാനത്ത് |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 41 ന് 30 ച.മീ റ്ററിന് താഴെയുള്ള കെട്ടിടങ്ങൾക്ക് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കെട്ടിടങ്ങളുടെ വിഭാഗത്തിൽ ഉൾപ്പെടുത്ിത നികുതിയിളവ് നൽകിയതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപ്രകാരം കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകുമ്പോൾ ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

## 1-17-2 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരാളുടെ ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകി.

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ളതും കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ളതുമായ ഒരു വാസ ഗൃഹത്തിന് മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. വാർഡ്3, 7, 13എന്നിവ മാത്രം പരിശോധിച്ചതിൽ കണ്ടെത്തിയവ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം |
|---|---|---|
| 1 | 3/433 | അബ്ദുൾ റഹ്മാൻ, തടത്തരികത്തു വീട് |
| | 3/435 | |
| 2 | 3/503 A | ജലജകുമാരി, പോങ്ങുംകോണത്തു വീട് |
| | 3/503 B | |
| 3 | 7/51 | താഹിറ, വെഞ്ഞാറമൂട് |
| | 7/52 | |
| | 7/53 | |
| 4 | 13/110 | വിജയചന്ദ്രൻ |
| | 13/111 | |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 41 ന് ക്രമ നം,1 ലെ 4/ 435 നം കെട്ടിടം പൊളിഞ്ഞുപോയിട്ടുള്ളതും ഉടമസ്ഥൻ അപേക്ഷ നൽകാത്തതിനാൽ സഞ്ചയയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തതുമാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത് ക്രമ നം. 2 ലെ കെട്ടിട നം. 503 B ഉടമസ്ഥൻ മകൾക്ക് നൽകിയിട്ടുള്ളതാണെന്നും ഉടമസ്ഥാവകാശം മാറി നൽകുന്നതിന് ടിയാനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത് ക്രമ നം,3, 4 എന്നിവയിലെ കെട്ടിടങ്ങൾക്ക് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ കെട്ടിടങ്ങളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതിയിളവ് നൽകിയതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത് സഞ്ചയയിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും യഥാർത്ഥത്തിൽ നികുതിയിളവിന് അർഹരാണെങ്കിൽ മാത്രം നികുതിയിളവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17-3 60 ച,മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും നികുതിയിളവ് നൽകി

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണമുള്ള കെട്ടിടങ്ങൾക്കാണ് നികുതി ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്കും നികുതി കണക്കാക്കിയതായി കാണുന്നില്ല. വാർഡ് 3, 7, `3 എന്നിവ മാത്രം പരിശോധിച്ചതിൽ കണ്ടെത്തിയവ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം | വിസ്തീർണം |
|---|---|---|
| 3/496 | ദിവാകരൻ, പഴവിള വീട് | 65 ചമീ |
| 7/147 | സനൽകുമാർ, പനയമുട്ടം | 105 ച.മീ |
| 13/140 | അഷ്റഫ് | 80 ചമീ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 41 ന് സഞ്ചയയിൽ പ്യരിഫിക്കേഷൻ ഓപ്പൺ ആകുന്ന സമയത്ത് അപാകത പരിഹരിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഇത്തരത്തിൽ തെറ്റായ നികുതി നിർണ്ണയം നടത്തിയഎല്ലാ വാർഡുകളിലേയും മുഴുവൻ കെട്ടിടങ്ങളേയും കണ്ടെത്തി അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-17-4 നികുതി, ഉപനികുതി ഒഴിവാക്കിയ കെട്ടിടങ്ങളിൽ നിന്ന് വസ്തു നികുതി പിരിച്ചെടുത്തിരിക്കുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജ്)ചട്ടങ്ങൾ പ്രകാരം നികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന കെട്ടിടത്തിൽ

നിന്നും ഡിമാന്റില്ലാതെ വസ്തു നികുതി പിരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നിലനിൽക്കുന്നതായും കാണുന്നു. ഉദാഹരണങ്ങൾ ചുവടെ

| കെട്ടിട നം. | ഉടമയുടെ പേര് | വിസ്തീർണ്ണം | ഡിമാന്റ് | കളക്ഷൻ |
|---|---|---|---|---|
| 3/65 | തുളസീധരൻപിള്ള | 30 ച.മീ | 0 | 56 |
| 3/560 | ബിന്ദു.എസ് | 10 ചമീ | ഠ | 1848 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 41 ന് 2013-14 വർഷത്തിൽ എല്ലാ കെട്ടിടങ്ങൾക്കും നികുതി ഈടാക്കുന്നതിന് ഉത്തരവ് വരികയും തുടർന്ന് 2016-17 സാമ്പത്തികവർഷത്തിൽ 660 ച.മീ താഴെയുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുള്ളതുമാണെന്നും അങ്ങനെ ഒഴിവാക്കിയപ്പോൾ കളക്ഷൻ അഡ്വാൻസായി മാറുകയാണുണ്ടായതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

## 1-17-5 വസ്തുനികുതി സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല

| ഇനം | ഡിമാന്റ് | | കളക്ഷൻ | | അഡ്വാൻസ് ക്രമീകരിച്ചത് | | ബാലൻസ് | |
|---|---|---|---|---|---|---|---|---|
| | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | AFS | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ |
| Property Tax On Residential Building-Current | 1311902 | 1317386 | 1307818 | 1311429 | 4288 | 8305 | 0 | 2524 |
| Property Tax On Non Residential Building-Current | 1269287 | 1781332 | 1268993 | 1270975 | 307 | 2699 | 0 | 508767 |
| Property Tax On Residential Building-Arrear | 241859 | 184992 | 176929 | 176914 | 0 | 0 | 0 | 8491 |
| Property Tax On Non Residential Building-Arrear | 1312150 | 1229045 | 422719 | 423004 | 0 | 0 | 0 | 806369 |

വസ്തുനികുതി സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-18 ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ ക്ഷീര സമൃദ്ധി പദ്ധതിയിൽ രേഖകളുടെ അഭാവത്തിൽ ധനസഹായം നൽകിയതായി കാണുന്നു

പ്രോജക്ടിന്റെ പേര് – ക്ഷീര സമൃദ്ധി

പ്രോജക്ട് നം – 72/22-23

അടങ്കൽ/ചെലവ് – 300000/300000 (പൊതുവിഭാഗം)

300000/200000 ( ബ്ളോക്ക് ഫണ്ട്)

300000/100000 (ജില്ലാ വിഹിതം)

ആകെ - 900000/600000

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.ക്ഷീരകർഷകരുടെ അപേക്ഷയിൽ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ റേഷൻകാർഡിന്റെ കോപ്പി,

വരുമാന സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, ബാങ്ക് അക്കൗണ്ടിന്റെ കോപ്പി എന്നിവ ഉള്ളടക്കം ചെയ്തിട്ടില്ല. ടി രേഖകളുടെ അഭാവത്തിലും ധനസഹായം നൽകിയതായി കാണുന്നു.

| പേര് | ധനസഹായം കൈപ്പറ്റിയ അക്കൗണ്ട് നം | തുക | ക്ഷീരസംഘത്തിന്റെ പേര് |
|---|---|---|---|
| സുരേന്ദ്രൻപിള്ള | 672778634 | 2152/- | ആട്ടുകാൽ |
| പ്രസന്നൻ ബി എസ് | 57012991722 | 972/- | ആട്ടുകാൽ |
| റ്റി ഷിബു | 85221011000 | 843/- | ആട്ടുകാൽ |
| ആർ കെ സ്മിത | 852210110005048 | 488/- | ആട്ടുകാൽ |
| ശ്രീകണ്ഠൻ നായർ | 67318806537 | 35/- | ആട്ടുകാൽ |

ഇതിന്റെ വിശദീകരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (07/22-23, 08/08/23) മേൽ സൂചിപ്പിച്ച വ്യക്തികളുടെ റേഷൻകാർഡിന്റെ കോപ്പി, വരുമാന സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, ബാങ്ക് അക്കൗണ്ടിന്റെ കോപ്പി എന്നിവ ഉള്ളടക്കം ചെയ്ത് കാണിക്കുകയുണ്ടായി. അപേക്ഷ വാങ്ങുമ്പോൾ തന്നെ ഈ രേഖകൾ പരിശോധിച്ച് പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്. ഗുണഭോക്താക്കൾക്ക് വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം ആനുകൂല്യം നൽകുന്നതിന് ശ്രദ്ധപുലർത്തേണ്ടതാണ്.

## 1-19 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളിൽ രേഖകളുടെ അഭാവത്തിൽ 213254/- രൂപ തടസ്സപ്പെടുത്തുന്നു.

1. പ്രോജക്റ്റിന്റെ പേര്-ഗോത്രസാരഥി

പ്രോജക്റ്റ് നം ---165/22-23

അടങ്കൽ/ചെലവ് ---124250/114800 (TSP)

124250/43334 (ബ്ളോക്ക് വിഹിതം)

ആകെ -248500/158134

ബിൽ നം -- 36000/- 34/22, 12/12/22

-- 51000/- 36/22, 20/12/22

-- 27800/- 49/22, 17/03/23

-- 21667/- 52/22, 18/03/23

-- 21667/- 59/22, 29/03/22

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ , പദ്ധതിക്കായി വാഹന സൌകര്യം ഏർപ്പെടുത്തുന്നതിനുള്ള ക്വട്ടേഷൻ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ അടങ്ങുന്ന രേഖകൾ, എഗ്രിമെന്റ് എന്നിവയൊന്നും ലഭ്യമല്ല. വാഹനത്തിന്റെ ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ പട്ടിക വർഗ്ഗക്കാരായ വാഹന ഉടമകൾക്കും ഡ്രൈവർമാർക്കും മുൻഗണന നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ, എഗ്രിമെന്റ് വച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ, എന്നിവ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/22, 11/08/23) ക്വട്ടേഷൻ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ വിദ്യാലയങ്ങളിൽ പൂർത്തിയാക്കിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നാണ് മറുപടി ലഭ്യമാക്കിയത്. മേൽ രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച തുക 213254/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

2.പ്രോജക്റ്റിന്റെ പേര്- പനയമുട്ടം ഗവ. എൽ പി സ്കൂൾ പ്രീ-പ്രൈമറി കുട്ടികൾക്ക് ഉച്ചഭക്ഷണം

പ്രോജക്റ്റ് നം ---168/22-23

അടങ്കൽ/ചെലവ് ---75000/55120 (തനതു ഫണ്ട്)

പ്രോജക്റ്റ് പ്രകാരം 55120 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ചെലവിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ(14/22, 11/08/23) ചെക്ക് മുഖേനയാണ് നൽകിയതെന്നും ബന്ധപ്പെട്ട ചെക്കിന്റെ പകർപ്പോ, ധന ഇടപാട് രേഖകൾ ശേഖരിച്ച് പിന്നീട് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രോജക്റ്റ് പ്രകാരം

ചെലവായ തുകകളുടെ ചെക്ക് നമ്പരോ, ആയതിന്റെ കോപ്പിയോ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-20 അങ്കണവാടി കെട്ടിടങ്ങൾക്കുള്ള ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- നടപടി അനിവാര്യം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0069/23 |
| പ്രോജക്റ്റിന്റെ പേര് | വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടി കെട്ടിടങ്ങൾക്ക് അധിക വാടക |
| അടങ്കൽ | 25000തനതു ഫണ്ട് |
| ചെലവ് | 6000 |
| ചെക്ക്നമ്പർ /തീയതി/ തുക | 1. 487181/ 07.12.2022/₹4000/-<br>2. 493528/ 03.2023/₹2000/- |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

പനവൂർ ഗ്രാമപഞ്ചായത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന അങ്കണവാടികളുടെ അധിക വാടക നൽകുന്നതിനായാണ് പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്. സ. ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖ8.8.2 (1),(2) എന്നിവ പ്രകാരം പതിന്നാലാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൌതിക സൌകര്യങ്ങൾ എന്നിവ പ്രദാനം ചെയ്ത് ബാലസൌഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്റ്റുകൾക്ക് പ്രാധാന്യം നൽകണമെന്ന് പറയുന്നു. കൂടാതെ എംജിഎൻആർഇജിഎസ്, ശിശുവികസന വകുപ്പ് എന്നിവയുമായ് സഹകരിച്ച് എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും ആവശ്യപ്പെടുന്നു. തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പിന്റെ 3-9-2010 തീയതി യിലെ നമ്പർ 39033/ ഡി.സി.2/2010ത.സ്വ.ഭ.വ സർക്കുലർ പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പനവൂർ പഞ്ചായത്തിൽ 22 അങ്കണവാടികളിൽ മൂന്നെണ്ണം സ്ഥലം ലഭ്യമല്ലാത്തതിനാൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ഓഡിറ്റ് എൻക്വയറി (നം 08/2022-23,08.08.2023) ക്ക് മറുപടി നല്കി. സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഭൗതിക സാഹചര്യം | അങ്കണവാടികളുടെ എണ്ണം |
|---|---|---|
| 1 | സ്വന്തം കെട്ടിടമില്ലാത്തവ | 3 |
| 2 | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 3 |
| 3 | ചുറ്റുമതിൽ ഇല്ലാത്തവ | 2( 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്) |
| 4 | ബേബിഫ്രണ്ട്ലിടോയ്ലറ്റ് സൗകര്യം ഇല്ലാത്തവ | 19(സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയ്ക്ക് എല്ലാമുണ്ട്) |
| 5 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | ഇല്ല |

| | | |
|---|---|---|
| 6 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | ഇല്ല |
| 7 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത അംഗൻവാടികളുടെ എണ്ണം | ഇല്ല |

## 1-21 ലൈഫ് ഭവനപദ്ധതി - നടത്തിപ്പിലെ അപാകങ്ങൾ

1) 18.02.2019 ലെ ഡിബി1/752/2018/LSGD നമ്പർ സർക്കുലർ പ്രകാരം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപയാണ് ധനസഹായമായി നൽകുന്നത്. ഇതിൽ 80000/- രൂപ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതവും 100000/- രൂപ സംസ്ഥാനവിഹിതവും 220000/-രൂപ ലോൺ തുകയും ആണ്. എന്നാൽ പനവൂർ ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്താക്കൾക്ക് തുക നൽകുമ്പോൾ വ്യത്യസ്തമായ അനുപാതത്തിലാണ് ഈടാക്കിയത്. സർക്കാർ നിർദ്ദേശം പാലിക്കപ്പെടാത്തതിന്റെ കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 31/2022-23, 16.08.2023)ക്ക് ഗ്രാമപഞ്ചായത്ത് വിഹിതം കുറവായതിനാലും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക അനുവദിച്ച് കിട്ടിയതിനാലുമാണ് ഇത്തരത്തിൽ വിഹിതം അനുവദിച്ചതെന്ന് മറുപടി നൽകി. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | തുക / തീയതി | വിഹിതം |
|---|---|---|---|
| 1 | നിർമ്മല എൽ (948911) | 40000/30.12.2022 | Block Panchayath Share |
| | | 160000/21.01.2023 | Hudco Loan |
| | | 100000/24.02.2023 | Block Panchayath Share |
| | | 100000/02.05.2023 | State Sponsored |
| 2 | റീജ്ജ/ ഷീജ(901035) | 40000/25.11.2020 | Hudco Loan |
| | | 160000/11.10.2021 | Hudco Loan |
| | | 100000/22.11.2022 | Block Panchayath Share |
| | | 100000/14.06.2023 | Block Panchayath Share |
| 3 | ദിലീപ്/ വീണ (897578) | 40000/25.11.2020 | Hudco Loan |
| | | 160000/24.03.2021 | Hudco Loan |
| | | 100000/01.11.2021 | State Sponsored |
| | | 100000/07.03.2021 | District Panchayath Share |

ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2) സ.ഉ(കൈ)നം.34/2018/തസ്വഭവ തീ.16.03.2018 പ്രകാരമുള്ള മാർഗരേഖ പ്രകാരം ഭവന നിർമ്മാണത്തിന്റെ ഓരോ ഘട്ടവും പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗുണഭോക്താവ് സ്റ്റേജ് റിപ്പോർട്ട് (അനുബന്ധം 4) നിർവഹണ ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതും നിർവഹണ ഉദ്യോഗസ്ഥൻ ഭവന നിർമ്മാണം പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ ശേഷം തുക അനുവദിക്കേണ്ടതുമാണ്. ഗുണഭോക്താക്കൾ സ്റ്റേജ് സർട്ടിഫിക്കറ്റ് സമർപ്പിച്ച തീയതി, നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ തീയതി എന്നിവ ലഭ്യമല്ലാത്തതിനാൽ ഭവനനിർമ്മാണത്തിന്റെ വിവിധ ഗഡു തുകകൾ

സമയബന്ധിതമായി അനുവദിച്ച നൽകിയോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) മോണിറ്ററിംഗ് സമിതി റിപ്പോർട്ട് പൂരിപ്പിച്ച് ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) കൈപ്പറ്റ് രസീതിൽ തുകയോ കെട്ടിടത്തിന്റെ സ്റ്റേജോ രേഖപ്പെടുത്തിയിട്ടില്ല.

5) ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ വീട് നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | ആകെ അനുവദിച്ച തുക | ആദ്യഗഡു അനുവദിച്ച തീയതി | അവസാന ഗഡു അനുവദിച്ച തീയതി |
|---|---|---|---|---|
| 1 | ഓമന രാജു | 320000/- | 25.11.2020 | 30.12.2022 |
| 2 | കനകമ്മ | 300000/- | 30.12.2022 | 27.03.2023 |
| 3 | ബീന എൽ കെ | 300000/- | 30.12.2022 | 30.03.2023 |
| 4 | രാധ എസ് | 40000/- | 21.01.2023 | 21.01.2023 |
| 5 | ശോഭന ബി | 460000/- | 30.03.2020 | 02.05.2023 |
| 6 | വിജയമ്മ | 550000/- | 30.03.2020 | 02.05.2023 |
| 7 | തങ്കമ്മ (ST) | 460000/- | 30.03.2020 | 02.05.2023 |
| 8 | സുരേഷ് കാണി, സജിത(ST) | 560000/- | 30.03.2020 | 02.05.2023 |
| 9 | സുധ (ST) | 380000/- | 11.02.2021 | - |
| 10 | ദാമോദരൻ കാണി(ST) | 360000/- | 18.03.2021 | 07.05.2022 |
| 11 | റീജ(ST) | 520000/- | 18.03.2021 | 02.05.2023 |
| 12 | കുമാരി ജെ (SC) | 200000/- | 25.11.2020 | 04.10.2021 |
| 13 | രഞ്ജു ബി എൽ (SC) | 300000/- | 25.11.2020 | 30.06.2021 |
| 14 | ബിന്ദു ഒ | 200000/- | 25.11.2020 | 18.03.2021 |
| 15 | ഷീജ | 300000/- | 31.03.2021 | 24.02.2022 |
| 16 | ലേഖ റ്റി | 300000/- | 31.03.2021 | 17.03.2023 |
| 17 | ശോഭ | 200000/- | 31.03.2021 | 22.11.2022 |
| 18 | നീതു | 300000/- | 30.6.2021 | 22.11.2022 |

സ.ഉ(കൈ)നം.34/2018/തസ്വഭവ തീ.16.03.2018 ലെ ഉത്തരവ് പ്രകാരമുള്ള മാർഗരേഖ അനുബന്ധം 3 പ്രകാരമുള്ള വ്യവസ്ഥകൾ പ്രകാരമാണ് ഗുണഭോക്താവ് ഗ്രാമപഞ്ചായത്തുമായി കരാർ ചമയ്ക്കേണ്ടത്. കരാറിലെ നിബന്ധനകളിൽ ഇനം 4 പ്രകാരം കരാറിൽ ഏർപ്പെട്ട് ആറ് മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. എന്നാൽ മേൽപട്ടികയിലെ ഗുണഭോക്താക്കൾ പ്രസ്തുത സമയക്രമം പാലിക്കാത്തതിന്റെ കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 31/ 2022-23, 16.08.2023)ക്ക് മെൽ ഗുണഭോക്താക്കളെല്ലാം ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണെന്നും ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതാണെന്നും മറുപടി നൽകി. നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ന്യൂലൈഫ് ഭവന പദ്ധതി -നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം | S0026/23 |
| പ്രോജക്ടിന്റെ പേര് | ന്യൂ ലൈഫ് ( സ്പിൽ ഓവർ) |
| നിർവഹണം | വി.ഇ.ഒ സർക്കിൾ II |

| | |
|---|---|
| അടങ്കൽ | 820000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 820000 |
| ബിൽ നമ്പർ / തീയതി/ തുക | 11.01.2023 ,820000/- |

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ന്യൂ ലൈഫ്- സമഗ്ര കോളനി നവീകരണം . മേൽ പ്രോജക്ടുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് മാർഗരേഖ പ്രകാരം വീട് മെയിന്റനൻസിനുള്ള തുകയായ 2 ലക്ഷം രൂപ 4 ഗഡുക്കളായി നൽകേണ്ടതും ഗുണഭോക്താവ് ഗ്രാമപഞ്ചായത്തുമായി കരാർ ചമയ്ക്കുമ്പോൾ ആദ്യ ഗഡു തുകയായ 40000/- രൂപ അനുവദിക്കേണ്ടതുമാണ്. എന്നാൽ ഈ നിബന്ധന പാലിക്കാതെയാണ് ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്തിട്ടുള്ളത്. ന്യൂ ലൈഫ് പദ്ധതിയുടെ രജിസ്റ്റർ പ്രകാരം ഗുണഭോക്താക്കൾക്ക് എത്ര ഗഡു നൽകിയെന്നോ, വീട് മെയിന്റനൻസ് പൂർത്തിയാക്കിയോ എന്നത് സംബന്ധിച്ചും വ്യക്തതയില്ല. വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുക വിതരണം ചെയ്തതെന്നും എല്ലാ ഗുണഭോക്താക്കളും ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയതായും ഓഡിറ്റ് എൻക്വയറി (നം28 /2022-23, 14.08.2023)ക്ക് മറുപടി നൽകി. ഭാവിയിൽ ഇത്തരം പദ്ധതി നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതും രജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തലോട് കൂടി സൂക്ഷിക്കേണ്ടതുമാണ്.

2) ന്യൂ ലൈഫ് മാർഗരേഖ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ചെയർപേർസണായുള്ള പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി, വാർഡ് മെമ്പർ ചെയർമാനായുള്ള കോളനി തല പ്രോഗ്രാം ഫെസിലിറ്റേഷൻ കമ്മിറ്റി എന്നിവ രൂപീകരിച്ചതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം28 /2022-23, 14.08.2023)ക്ക് കോളനി തല പ്രോഗ്രാം ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടില്ലായെന്നും പഞ്ചായത്ത് തലത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികൾകളുടെ പരിശോധനയ്ക്ക് വിധേയമായാണ് തുക നൽകിയതെന്നും മറുപടി നൽകി. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-23 വൌച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

വൌച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികകളായി ചേർക്കുന്നു
1.പേമെന്റ് ഓർഡർ ലഭ്യമാകുന്നതിനുമുൻപു തന്നെ ചെക്ക് മുഖേന തുകകൾ പിൻവലിക്കുന്നു

ഏപ്രിൽ, മേയ് മാസത്തെ പേമെന്റ് വൗച്ചറുകൾ മാത്രം പരിശോധിച്ചതിൽ പേമെന്റ് ഓർഡർ ലഭ്യമാകുന്നതിനുമൂൻപു തന്നെ ചെക്ക് മുഖേന തുകകൾ പിൻവലിച്ചതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വൌച്ചർ നം. തീയതി | ഇനം | തുക | ചെക്ക് നം. തീയതി |
|---|---|---|---|
| 22200050/11.5.22 | എഫ്.എച്ച്.സി പാലിയേറ്റീവ് കെയർ നഴ്സിന് മാർച്ച് 21 മുതൽ 22 വരെയുള്ള ഇൻസെന്റീവ് | 13000 | 486546/10.5.22 |
| 22200041/11.5.22 | എം.ഒ ഹോമിയോ ഇലക്ട്രിസിറ്റി ബിൽ | 483 | 486543/6.5.22 |
| 22200043/7.5.22 | ഷമീന. (FTS) | 12090 | 486746/1.4.27 |
| 22200057/11.5.22 | അനസ് ടി.എസ് | 31460 | 486746/1.4.22 |
| 22200064/18.5.22 | അനന്തുകമാർ | 25540 | 486746/1.4.22 |
| 22200065/18.5.22 | ജാബിർഖാൻ | 25540 | 486746/1.4.22 |
| 22200105/20.5.22 | ബിന്ദു. | 24040 | 486746/1.4.22 |

| | | | |
|---|---|---|---|
| | എം.എസ് | | |
| 22200164/18.6.22 | മഴക്കാല പൂർവ്വ ശുചീകരണം | 150000 | 486554/27.5.22 |
| 22200163/27.5.22 | Microtech Systems | 450 | 486554/27.5.22 |

പേമെന്റ് ഓർഡർ ലഭ്യമാകുന്നതിനു മുൻപുതന്നെ ചെലവ് ചെയ്യുന്നതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 50ന് ലഭ്യമാക്കിയ മറുപടിയിൽ പേമെന്റ് ഓർഡർ ജനറേറ്റ് ചെയ്യുമ്പോൾതന്നെ ചെക്ക് എഴുതി നൽകുകയാണ് ചെയ്യുന്നതെന്നും പിന്നീട് അക്കൌണ്ടിന്റെ ലോഗിനിൽ നിന്നും പേമെന്റ് ചെയ്ത് പേമെന്റ് സെക്രട്ടറി അപ്രൂവ് ചെയ്യുമ്പോഴാണ് വൌച്ചർ നം. തീയതി എന്നിവ സഹിതം ജനറേറ്റ് ആകുന്നതെന്നും ഇനിമേൽ പേമെന്റ് വൌച്ചർ ജനറേറ്റ് ചെയ്ത ശേഷം മാത്രമേ ചെക്ക് നൽകുകയുള്ളുവെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.. ആഭ്യന്തര നിയന്ത്രണത്തിലെ ഗുരുതര വീഴ്ചയാണ് മേൽനടപടികൾ വ്യക്തമാക്കുന്നത്. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 40 പ്രകാരം പണം കൊടുക്കേണ്ട വ്യക്തിയ്ക്ക് ഉടനടി കൈമാറാനല്ലാതെ സാധാരണഗതിയിൽ ചെക്കിൽ ഒപ്പിടരുത്. പേമെന്റ് വൌച്ചർ ജനറേറ്റ് ചെയ്യുന്നതിനു മുൻപ് തന്നെ തുക കൈമാറുന്നത് ശരിയായ നടപടിയല്ല. ചെലവുകൾ ചെയ്യുമ്പോൾ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.

2. ബിൽ രജിസ്റ്റർ, ബാങ്ക് ബുക്ക് എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് അക്കൌണ്ടിൽ നിന്നല്ലാതെ തുക പിൻവലിച്ചിരിക്കുന്നു.

ഏപ്രിൽ, മേയ് മാസത്തെ പേമെന്റ് വൗച്ചറുകൾ മാത്രം പരിശോധിച്ചതിൽ ബിൽ രജിസ്റ്റർ, ബാങ്ക് ബുക്ക് എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് അക്കൌണ്ട് പ്രകാരമല്ല യഥാർത്ഥ ചെലവുകൾ നടന്നിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

A. ബിൽ രജിസ്റ്റർ , ബാങ്ക് ബുക്ക് എന്നിവ പ്രകാരം ചെക്ക് നം. 486747/5,4.22 (കേരള ഗ്രാമീൺ ബാങ്ക്) മുഖേനയാണ് വൌച്ചർ നം. 2220037/9.5.22 പ്രകാരമുള്ള ചെലവ് ബുക്ക് ചെയ്തിരിക്കുന്നത്. (ചെലവ് തുക 4000- ഇനം കോപ്പറേറ്റീവ് സൊസൈറ്റി ) എന്നാൽ പിൻവലിക്കലുകൾ പരിശോധിച്ചതിൽ LGTSB അക്കൌണ്ടിൽ നിന്നാണ് പ്രസ്തുത പിൻവലിക്കൽ നടന്നിരിക്കുന്നത്.

B. ബിൽ രജിസ്റ്റർ, ബാങ്ക് ബുക്ക് എന്നിവ പ്രകാരം ചെക്ക് നം. 486547/11.5.22 (കേരള ഗ്രാമീൺ ബാങ്ക് )മുഖേനയാണ് വൌച്ചർ നം. 22200078/11.5.22 ഓഫീസ് വാഹനത്തിന്റെ ഇൻഷ്വറൻസ് ഒടുക്കുന്ന തുകയിനത്തിൽ 10745/- രൂപ ബുക്ക് ചെയ്തിരിക്കുന്നത്. എന്നാൽ പിൻവലിക്കലുകൾ പരിശോധിച്ചതിൽ മേൽ ചെലവുകൾ ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നാണ് നടത്തിയിരിക്കുന്നത്.

ഇപ്രകാരം ബിൽ രജിസ്റ്റർ, ബാങ്ക് ബുക്ക് എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് അക്കൌണ്ടിൽ നിന്നല്ലാതെ തുകകൾ പിൻവലിച്ചതിന് കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 50 ന് ലഭ്യമാക്കിയ മറുപടിയിൽ ആദ്യ പരാമർശത്തിന്, പേമെന്റ് ചെയ്തപ്പോൾ ബാങ്ക് സെലക്ട് ചെയ്ത സമയത്ത് കേരളാബാങ്കിന് പകരം LGTSB തെറ്റായി സെലക്ട് ചെയ്തതിനാലാണ് ബാങ്ക് ബുക്കിൽ അപ്രകാരം എൻട്രി വന്നതെന്നും രണ്ടാമത്തെ പരാമർശത്തിൽ കേരളാ ഗ്രാമീൺ ബാങ്കിന് പകരം ബാങ്ക് ഓഫ് ഇന്ത്യ സെലക്ട് ചെയ്തതിനാലാണ് അപ്രകാരം ബാങ്ക് ബുക്കിൽ എൻട്രി വരുത്തിയതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്, 2022-23 സാമ്പത്തിക വർഷത്തെ മുഴുവൻ പേമെന്റ് വൌച്ചറുകളും പരിശോധിച്ച് ഇപ്രകാരം പേമെന്റുകൾ ബുക്ക് ചെയ്തതിൽ അപാകം സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ബാങ്ക് ബുക്കിലെ രേഖപ്പെടുത്തലുകളിൽ നിന്ന് വ്യത്യസ്തമായ ബാങ്ക് അക്കൌണ്ടുകളിൽ നിന്ന് പിൻവലിക്കലുകൾ നടത്തിയതിൽ നിന്ന് ആഭ്യന്തര നിയന്തരണത്തിലെ വീഴ്ചയാണ് വ്യക്തമാകുന്നത്. 2011 ലെ പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം മാത്രം ചെലവുകൾ ബുക്ക് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3. വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

വൌച്ചർ നം. 22200067/11.5.22 പ്രകാരം പഞ്ചായത്ത് ഭവൻ കെട്ടിട നവീകരണത്തിന് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന് 25000/- രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 50 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-24 വയോസൌഹൃദ ഗ്രാമം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

പഞ്ചായത്തിലെ 15 വാർഡുകളിലും വയോജനങ്ങൾക്കായി ആരോഗ്യ പരിശോധനാ ക്ലിനിക്കുകൾ സംഘടിപ്പിച്ച് ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുക, ഉല്ലാസയാത്രകൾ സംഘടിപ്പിച്ച് വയോജനങ്ങളുടെ മാനസിക ആരോഗ്യം

മെച്ചപ്പെടുത്തുക, രോഗങ്ങളെ കുറിച്ച് അവബോധം നൽകുക എന്നിവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0090/23 |
| പ്രോജക്റ്റിന്റെ പേര് | വയോസൌഹൃദഗ്രാമം |
| അടങ്കൽ | വികസനഫണ്ട് 520590<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം 400000 |
| ബിൽ നം. | Bill No. 39/21.3.23 -22200<br>34/17.2.22- 394798<br>25/9.12.22-42000<br>31/3.2.23-42000<br>19/12.10.22-42000<br>14/3.9.22-94500<br>43/29.3.23-21000 |
| ചെലവ് | വികസനഫണ്ട്263700<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം 394798 |

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ജി.ഒ(പി) നം. 269/2010/ത.സ്വ.ഭ.വ തീയതി 8.11.2010 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതാണ്. സ.ഉ(പി) നം. 03/2013/എസ്.പി.ഡി തീയതി 21.06.2013 ഖണ്ഡിക 2.3 പ്രകാരം യഥാർത്ഥ ആവശ്യകതയ്ക്കനുസരിച്ച് ഉന്നതാധികാരികളിൽ നിന്നും ലഭ്യമാക്കേണ്ട വാങ്ങൽ അനുമതി ഒഴിവാക്കുന്നതിനായി വാങ്ങലിനുള്ള ആവശ്യകത ചെറിയ ഘടകങ്ങളായി വിഭജിക്കാൻ പാടില്ല.

മേൽ പദ്ധതിയിൽ വിവിധവാർഡുകളിലെ വയോജനക്ലിനിക്കിലേയ്ക്ക് ഉപകരണങ്ങളും ജീവനക്കാരേയും എത്തിക്കുന്നതിന് പ്രതിമാസം വാഹന വാടകയിനത്തിൽ 2250 രൂപ സലിം .എ എന്ന വ്യക്തിയ്ക്ക് നൽകിയിട്ടുണ്ട്(വാഹന നം. KL-16G-5987). കൂടാതെ പ്രതിമാസം വയോക്ലിനിക്കിന്റെ റിഫ്രഷ്മെന്റ് ചാർജ്ജിനത്തിൽ 16500/- രൂപ വീതം ജെ.എസ് ബേക്കറി & സ്റ്റോഴ്സ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. വാഹന വാടകയിനത്തിൽ ആകെ 27000(12X2250) രൂപയും റിഫ്രഷ്മെന്റ് ചാർജ്ജിനത്തിൽ 198000(12X16500) രൂപയും മേൽ പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുണ്ട്.പ്രോക്യൂർമെന്റ് ചട്ടങ്ങൾ പ്രകാരം മതിപ്പു വില 25000 രൂപയ്ക്ക് മുകളിലും 100000 രൂപയിൽ താഴെയും ഉള്ളതിന് ലിമിറ്റഡ് ടെണ്ടർ ക്ഷണിക്കേണ്ടതും മതിപ്പു വില 100000 രൂപയിൽ കൂടുതൽ ആണെങ്കിൽ ഓപ്പൺ ടെണ്ടർ ക്ഷണിക്കേണ്ടതുമാണ്. എന്നാൽ പദ്ധതിയിൽ മേൽ പരാമർശിച്ചിട്ടുള്ള വാങ്ങലുകളിൽ പ്രോക്യൂർമെന്റ് ചട്ടങ്ങൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

2. ബിൽ നം. 34 പ്രകാരം 3.2.23, 6.2.23, 8.2.23 എന്നീ തീയതികളിൽ 5 ബസുകൾ വീതം ആകെ 15 ബസുകൾ ചെങ്കൽ, ആഴിമല, വെട്ടുകാട് പള്ളി, ബീമാപള്ളി , ലുലുമാൾ , ശംഖുമുഖം എന്നീ സ്ഥലങ്ങളിലേയ്ക്ക് വയോജനങ്ങളേയും കൊണ്ട് യാത്ര പോയ വകയിൽ ശ്രീ, അരവിന്ദ്. ടി.എസ് എന്നയാൾക്ക് 270048 രൂപനൽകിയിട്ടുണ്ട്. ദർഘാസ് പരസ്യം പ്രകാരം ഉല്ലാസയാത്രയ്ക്കായി ഓരോ ദിവസവും 48 സീറ്റിംഗ് കപ്പാസിറ്റിയുള്ള 5 ടൂറിസ്റ്റ് ബസുകൾ വീതം ഡ്രൈവർ ഉൾപ്പെടെ ലഭ്യമാക്കാൻ ആണ് നിർദ്ദേശിച്ചിരുന്നത്. അരവിന്ദ്. ടി.എസുമായി വച്ചിട്ടുള്ള എഗ്രിമെന്റ് നം. 23744/28.1.23 പ്രകാരം 80 കി.മീറ്ററിന് 10500 രൂപയും പിന്നീടുള്ള ഓരോ കിമീറ്ററിന് 83 രൂപ വീതവുമാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. കൃത്യമായി എത്ര പേർ യാത്ര ചെയ്തുവെന്നത് വിശദമാക്കേണ്ടതാണ്.

3. ബിൽ നം.34 പ്രകാരം വാഹനവാടകയിനത്തിൽ ശ്രീ. അരവിന്ദ്.ടി.എസ് എന്ന വ്യക്തിയ്ക്ക് 270048 രൂപ നൽകിയിട്ടുണ്ടെങ്കിലും ജി.എസ്.ടിയും ഇൻകം ടാക്സും ഈടാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ഇനി അത്തരത്തിലുള്ള എല്ലാ പേമെന്റുകൾക്കും ജി.എസ്.ടി, ഇൻകംടാക്സ് എന്നിവ ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

4. പഞ്ചായത്ത് പരിധിയിൽ ആകെ 15 വാർഡുകളിലും വയോജനക്ലിനിക്കുകൾ ഉണ്ടെന്നും വയോജനക്ലബുകൾക്ക് കെട്ടിടം ഇല്ലാത്ത വാർഡുകളിൽ അംഗൻവാടികൾ, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവയിലാണ് ക്ലിനിക്കുകൾ

സംഘടിപ്പിക്കുന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വയോജനക്ലിനിക്കിലേയ്ക്ക് ജീവനക്കാരേയും ഉപകരണങ്ങളേയും എത്തിക്കുന്നതിനായി 15 വാർഡുകളലേക്കും കൂടി പ്രതിമാസ ചെലവുകൾ മാത്രമാണ് കണക്കു കൂട്ടി തുക നൽകിയിരുന്നതെന്നും നിലവിൽ പ്രോക്യൂർമെന്റ് ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഭാവിയിൽ ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവുകൾ, ചട്ടങ്ങൾ എന്നിവ കൃത്യമായി പാലിക്കുന്നുവെന്നും ആവിഷ്കരിക്കുന്ന പദ്ധതികൾ മാർഗരേഖാനുസൃതവും പരമാവധി ലക്ഷ്യം നേടാൻ ഉതകുന്നതുമായിരിക്കണം എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-25 ആർദ്രം മിഷൻ- ഡോക്ടർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവർക്ക് വേതനം

ആർദ്രം മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഡോക്ടർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവർക്ക് വേതനം നൽകുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയാണിത്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0021/23 |
| പ്രോജക്റ്റിന്റെ പേര് | ഡോക്ടർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവർക്ക് വേതനം |
| അടങ്കൽ | വികസനഫണ്ട് 1000000<br>തനത് ഫണ്ട് 551510 |
| ബിൽ നം. | Bill No. 30/9.2.23- 17550<br>23/15.11.22-89250<br>10/11.8.22- 145645<br>9/27.7.22- 158505<br>4/17.6.22-309990<br>18/12.10.22-136290<br>15/5.9.22 -140145<br>തനത് ഫണ്ടിൽ നിന്ന് 551510 രൂപ ചെലവഴിച്ചിട്ടുണ്ട്. ( ചെക്കിന്റെ വിശദാംശം ലഭിച്ചിട്ടില്ല |
| ചെലവ് | വികസനഫണ്ട് 997375<br>തനത് ഫണ്ട് 551510 |

സ.ഉ(കൈ) നം. 115/2022/lsgd Dated 28.05.2022 ഖണ്ഡിക 7.6.2(IV) പ്രകാരം ഹോസ്പിറ്റൽ കിയോസ്ക് സ്ഥാപിച്ചിട്ടുള്ളിടത്ത് കിയോസ്ക് എക്സിക്യൂട്ടീവ് / ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ദിവസവേതനം ധനവകുപ്പ് നിശ്ചയിക്കുന്ന നിരക്ക് പ്രകാരമുള്ള തുക അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ബിൽ നം. 9 പ്രകാരം ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് 20385 രൂപയും ബിൽ നം. 4 പ്രകാരമുള്ളതിൽ 40015 രൂപയും നൽകിയിട്ടുണ്ട്. പനവൂർ എഫ്.എച്ച്.സിയിൽ ഹോസ്പിറ്റൽ കിയോസ്ക് പ്രവർത്തിക്കുന്നുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25 ന് പനവൂർ പി.എച്ച്.സി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് ഇ-ഹെൽത്ത് പ്രകാരം രോഗികൾക്ക് ഒ.പി ടിക്കറ്റ് നൽകുക, യൂണിക്ക് ഹെൽത്ത് ഐഡന്റിറ്റി കാർഡ് നൽകുക , മേജർ ആശുപത്രികളിലെ സ്പെഷ്യാലിറ്റി ഒ.പി ടിക്കറ്റ് രോഗികൾക്ക് നൽകുക തുടങ്ങിയ സേവനങ്ങൾ നൽകുന്ന ഹോസ്പിറ്റൽ കിയോസ്ക് പ്രവർത്തിക്കുന്നുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഹോസ്പിറ്റൽ കിയോസ്കുകളുടെ യഥാർത്ഥ ധർമ്മം ജനന മരണ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നത് ആയതിനാൽ മേൽ പ്രവർത്തനങ്ങൾ ഹോസ്പിറ്റൽ കിയോസ്കിന്റെ പ്രവർത്തനങ്ങളായി കണക്കാക്കാനാവില്ല. മറുപടിയിൽ പരാമർശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ഹോസ്പിറ്റൽ കിയോസ്കിന്റെ പ്രവർത്തനങ്ങളുടെ നിർവ്വചനത്തിൽ ഉൾപ്പെട്ടവയല്ലാത്തതിനാൽ ഇ-ഹെൽത്ത് പ്രവർത്തനങ്ങൾക്കായി മേൽ പദ്ധതിയിൽ നിന്ന് തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-26 ദുരിതാശ്വാസ നിധി-നടപടികൾ സ്വീകരിക്കേണ്ടതാണ്.

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനയോഗവും) ചട്ടങ്ങൾ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്.. 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ് , കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്. ദുരിതാശ്വാസ നിധി രൂപീകരിച്ചുകൊണ്ടുള്ള ഭരണ സമിതി തീരുമാനം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 35 ന് 13.7.2023 തീരുമാനം 2(1) പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനും ആയതിന് സന്നദ്ധരായ ആളുകളിൽ നിന്നും സംഭാവന സമാഹരിക്കുന്നതിനായി കേരളബാങ്ക് പനവൂർ ശാഖയിൽ അക്കൌണ്ട് ആരംഭിക്കുന്നതിനും ഭരണസമിതി തീരുമാനം എടുത്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാങ്ക് അക്കൌണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ദുരിതാശ്വാസനിധി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-27 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക 653625 തടസ്സം ചെയ്യുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. 163/23<br>പേര്- പാഥേയം പട്ടികജാതി ജില്ലാപഞ്ചായത്തിന് തുക കൈമാറൽ<br>അടങ്കൽ- വികസനഫണ്ട് (എസ്.സി.പി) 116480<br>ചെലവ്-ബിൽ നം. 256/10.2.23 | ജില്ലാപഞ്ചായത്തിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| പ്രോജക്റ്റ് നം. 161/23<br>പേര്- പാഥേയം -ജനറൽ ജില്ലാപഞ്ചായത്തിന് തുക കൈമാറൽ<br>അടങ്കൽ- വികസനഫണ്ട് 116480<br>ചെലവ്-ബിൽ നം.255/10.2.23 | ജില്ലാപഞ്ചായത്തിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| പ്രോജക്റ്റ് നം. 190/23<br>പേര്- ജില്ലാ ആസൂത്രണസമിതി കെട്ടിടത്തിന് വിഹിതം നൽകൽ<br>അടങ്കൽ- വികസനഫണ്ട് 350000<br>ചെലവ്- ബിൽ നം.96/10.10.22 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| പ്രോജക്റ്റ് നം. 129/23<br>പേര്- ഇൻഫർമേഷൻ കേരള മിഷന് വിഹിതം നൽകൽ<br>അടങ്കൽ- വികസനഫണ്ട് 70665<br>ചെലവ്-ബിൽ നം. 97/10.10.22 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 10 ന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ആകെ 653625 രൂപ തടസ്സം ചെയ്യുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 അറവുശാല- സ്ട്രക്ചറൽ വർക്ക് പൂർത്തിയായിട്ടും നിർജ്ജീവ ആസ്തിയായി മാറി

ശുചിത്വമിഷൻ ഫണ്ട് വിനിയോഗിച്ച് 49 ലക്ഷം രൂപയുടെ അടങ്കൽ എസ്റ്റിമേറ്റിൽ പനവൂർ പബ്ലിക് മാർക്കറ്റിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ അറവുശാല പണിയുന്നതിനായി അംഗീകാരം കിട്ടിയിരുന്നതിൽ 20 ലക്ഷം രൂപ പഞ്ചായത്തിന് അനുവദിച്ചുകിട്ടിയത് വിനിയോഗിച്ച് 2014-15 വർഷത്തിൽ അറവ് ശാലയുടെ സ്ട്രക്ച്ചറൽ വർക്ക് 1899292/- രൂപ വിനിയോഗിച്ച് പൂർത്തീകരിക്കുകയും എന്നാൽ ശുചിത്വമിഷൻ വാഗ്ദാനം ചെയ്ത മുഴുവൻ തുകയും ലഭിക്കാത്തതിനാൽ ടി കെട്ടിട നിർമ്മാണം പൂർത്തികരിക്കുവാൻ കഴിയാതെ വരികയും നിലവിൽ നിർജീവ ആസ്തിയായി പഞ്ചായത്തിൽ നിലനിൽക്കുന്നതായും മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.നെടുമങ്ങാട് സബ് ഡിവിഷൻ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസിന്റെ കത്ത് പ്രകാരം പോലീസ് സ്റ്റേഷൻ പ്രവർത്തനക്ഷമമാക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങളോടുകൂടി ഒരു കെട്ടിടം അനുവദിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. പൊതുജന താൽപര്യം മുൻനിർത്തി പനവൂർ പോലീസ് സ്റ്റേഷന് സ്ഥിരം സംവിധാനം ഉണ്ടാകുന്നത് വരെ ടി കെട്ടിടം പോലീസ് സ്റ്റേഷനായി പ്രവർത്തിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിൻറെ അനുവാദത്തോടെ താൽക്കാലികമായി വിട്ടു നൽകുന്നതിന് ഭരണസമിതിയുടെ 4.5.2022 ലെ അജണ്ട 9 തീരുമാനം 1 പ്രകാരം ആവശ്യപ്പെട്ടു എങ്കിലും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതി കോർഡിനേഷൻ കമ്മിറ്റിയുടെ 21.10.2022 ൽ 4(26) നം. തീരുമാനപ്രകാരം നിഷേധിച്ചതായി അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം. 1 ന് നൽകിയ (മറുപടി.

2014-15 ൽ 1899292/- രൂപ വിനിയോഗിച്ച് സ്ട്രക്ചറൽ വർക്ക് പൂർത്തീകരിച്ച അറവുശാലയുടെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിഗണിക്കേണ്ടതാണ്.

## 1-29 One Localbody One Product – പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭരണസമിതിയുടെ 19.7.22 ലെ തീരുമാനം 7 പ്രകാരം തിരുവനന്തപുരം ജില്ല പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13/07/2022 തീയതിയിലെ DDP-TVM/1149/2022-B3 നമ്പർ കത്തിൽ 2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപന വകുപ്പും വ്യവസായ വാണിജ്യവകുപ്പും സംയുക്തമായി ചേർന്ന് One Localbody One Product എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 1000ൽ 5 പേർക്ക് തൊഴിൽ സംരംഭം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതിനാൽ പനവൂർ ഗ്രാമപഞ്ചായത്ത് റബ്ബർ അധിഷ്ഠിത പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1 ന് അപ്രകാരമുള്ള പദ്ധതികൾ നാളിതുവരെ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ലായെന്നും അടിയന്തിരമായി റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായ പദ്ധതി ആസൂത്രണം ചെയ്യുന്നതിന് ഇന്റേണിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-30 പാഥേയം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം | 163/23 |
| പ്രോജക്റ്റിന്റെ പേര് | പാഥേയം പട്ടികജാതി ജില്ലാപഞ്ചായത്തിന് തുക കൈമാറല് |
| അടങ്കൽ | വികസനഫണ്ട് (എസ്.സി.പി) 116480 |
| ബിൽ നം | ബിൽ നം. 256/10.2.23 |

പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ അഗതികളും 60 വയസ്സിന് മുകളിലുള്ളവർക്കും ഒരു നേരത്തെ ആഹാരത്തിനു വഴിയില്ലാത്തവരുമായ വയോജനങ്ങൾക്ക് ഒരു നേരത്തെ പാകം ചെയ്ത ആഹാരം കുടുംബശ്രീ വഴി ലഭ്യമാക്കുന്നതിനാണ് പ്രോജക്റ്റ് വിഭാവനം ചെയ്യുന്നത്. ഒരു നേരത്തെ ഭക്ഷണത്തിനുള്ള തുകയായ 40/- രൂപയുടെ 40 % ആയ 16/- രൂപയാണ് പഞ്ചായത്ത് വിഹിതമായി നൽകുന്നത്. 20ഗുണഭോക്താക്കൾക്കുള്ള തുകയാണ് വകയിരുത്തിയിരിക്കുന്നത് പദ്ധതിയുടെ

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

കുടുംബശ്രീ ഓഫീസിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം കൊച്ചാപ്പി .കെ തടത്തരികത്തു വീട് , പനവൂർ എന്നയാൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത വ്യക്തിയ്ക്ക് മാർച്ച് 2022 മുതൽ ജൂലൈ 22 വരെ പഞ്ചായത്ത് വിഹിതം അനുവദിച്ചിട്ടുണ്ട്. എന്നാൽ മരണ രജിസ്ട്രേഷൻ രേഖകൾ പരിശോധിച്ചതിൽ കൊച്ചാപ്പി .കെ എന്നയാൾ 05.10.2021 ൽ മരണപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 32 ന് ശ്രീ.കൊച്ചാപ്പി മരണപ്പെട്ട സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെ ശ്രീ. മോഹനൻ അംബേദ്കർഗ്രാമം എന്നയാളിനാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. കുടുംബശ്രീയിൽ നിന്ന് ലഭ്യമാക്കിയിട്ടുള്ള വൌച്ചറുകൾ പ്രകാരം ( വൌച്ചറുകളുടെ തീയതി 18.4.22, 5.5.22, 22.6.22, 21.7.22, 5.9.22) ഗുണഭോക്താക്കളുടെ ലിസ്ററിൽ ഉൾപ്പെട്ടിട്ടുള്ളത് കൊച്ചപ്പി ആണ്. മരണപ്പെട്ട കൊച്ചപ്പിയ്ക്ക് പകരം ശ്രീ മോഹനന് ആനുകൂല്യം നൽകുന്നതിന് അംഗീകാരം നൽകിയ ഭരണസമിതി തീരുമാനം ലഭ്യമാക്കേണ്ടതാണ്.

## 1-31 ആസ്തി സംരക്ഷണത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭരണസമിതിയുടെ 21.3.23 ലെ അജണ്ട 6 തീരുമാനം 1 പ്രകാരം അംബേദ്ക്കർഗ്രാമം കമ്മ്യൂണിറ്റിഹാൾ പരിസരത്ത് രാഘവൻ എന്നയാൾ പഞ്ചായത്തിന്റെ സ്ഥലത്ത് അനധികൃതമായികക്കൂസ് പണിതിട്ടുണ്ടെന്നും കക്കൂസ് പൊളിച്ചുമാറ്റുന്നതിനും ആയതിന് ചെലവാകുന്ന തുക പഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

അംബേദ്ക്കർഗ്രാമം കമ്മ്യൂണിറ്റിഹാൾ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിശദാംശം അനധികൃതമായി നിർമ്മിച്ച കക്കൂസ് പൊളിച്ചുമാറ്റിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം , ചെലവായ തുക തനത്ഫണ്ടിൽനിന്ന് ചെലവഴിച്ചിട്ടുണ്ടെങ്കിൽ ചെക്ക് നം., തുക എന്നിവയുടെ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിനം. 1 ന് ബഹു.നെടുമങ്ങാട് സിവിൽ കോടതിയുടെ സ്റ്റേ നിലവിലുള്ളതിനാൽ കഴിഞ്ഞിട്ടില്ലായെന്നും പ്രസ്തുത കെട്ടിടം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഓഡിററ് എൻക്വയറി നം. 1 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആസ്തിസംരക്ഷണത്തിന് ഉചിതമായ നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 1-32 കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പ് പൊതു അപാകങ്ങൾ

കാർഷിക മേഖലയുടെ വികസനത്തിനായി കൃഷി ഓഫീസർ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾ പരിശോധിച്ചതിൽ പൊതുവായി അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
പ്രോജക്ടുകളുടെ വിശദാംശം

| ക്രമ നം | പ്രോജക്ടിന്റെ നം | പ്രോജക്ടിന്റെ പേര് | അടങ്കൽ/ചെലവ് |
|---|---|---|---|
| 1 | 84/22-23 | സുഗന്ധവിളകൾക്ക് ജൈവ ഉൽപാദനോപാദികൾ വിതരണം | 19800/14850 |
| 2 | 80/22-23 | കേര കേരളം -തെങ്ങ് കൃഷിയിൽ ശാസ്ത്രീയ രോഗ കീട നിയന്ത്രണം | 172000/156500 |
| 3 | 83/22-23 | എന്റെ കൃഷി എന്റെ ആരോഗ്യം കിഴങ്ങ് വർഗ്ഗങ്ങളുടെ വിള വിസ്തൃതി വ്യാപനം | 78000/38000 |
| 4 | 187/22-23 | കാർഷിക കർമ്മ സേന സേവനങ്ങൾക്കുള്ള സബ്സിഡി | 80000/80000 |
| 5 | 86/22-23 | ഞങ്ങളും | 60000/42000 |

| | | | |
|---|---|---|---|
| | | കൃഷിയിലേയ്ക്ക് --തരിശു കൃഷി | |
| 6 | 85/22-23 | ഹരിതഭവനം | 229400/140000 |
| 7 | 81/22-23 | കേര കേരളം -- തെങ്ങ് കൃഷിയ്ക്ക് രാസവളവും സൂക്ഷ്മ മൂലകങ്ങളും വിതരണം | 78000/38000 |
| 8 | 77/22-23 | എന്റെ കൃഷി എന്റെ ആരോഗ്യം ഗ്രോ ബാഗ് പച്ചകൃഷി കൃഷി | 100000/75000 |
| 9 | 76/22-23 | സുഫല-- വാഴകൃഷി പ്രോൽസാഹനം | 276000/276000 |

ഫയൽ പരിശോധനയിൽ കണ്ടെത്തിയ പൊതുവായ അപാകങ്ങൾ താഴെ ചേർക്കുന്നു

1. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ഗുണഭോക്താക്കൾ പ്രവൃത്തി നടത്തിയിട്ടുണ്ടെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം, പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. കൃഷി നടത്തുന്ന ഭൂമി സംബന്ധിച്ച കൃഷിഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമല്ല. ക്രമനം (2) പ്രകാരം നടത്തിയ പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല

3. ക്രമനം (4) പ്രകാരം നടത്തിയ പദ്ധതിയിൽ കാർഷിക കർമ്മസേനയിൽ നിന്നും സേവനങ്ങൾ സ്വീകരിച്ച ഗുണഭോക്താക്കളുടെ അപേക്ഷയോ രസീതുകളോ ഹാജരാക്കിയിട്ടില്ല.

4. ക്രമ നം 6,7,8 എന്നിവയിലെ പദ്ധതികളിൽ ഗുണഭോക്തൃ വിഹിതം ചെലവായിട്ടുണ്ട് എന്നാൽ ആയത് ചെലവ്പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

മേൽ അപാകങ്ങൾക്ക് (ഓഡിറ്റ് എൻക്വയറി 46/22, 17/08/23) മുഖേന വിശദീകരണം ആവശ്യപ്പെട്ടെങ്കിലും തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖാനുസൃതം എല്ലാ രേഖകളും പരിശോധിച്ച് ഉറപ്പ് വരുത്തിയതിനുശേഷം മാത്രം ആനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 തെരുവു വിളക്ക് പരിപാലനം -അപാകതകൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഇലക്ട്രിക് പോസ്റ്റുകളിൽ നിലവിൽ കേടായ തെരുവു വിളക്കുകൾ മാറ്റി പുതിയ 24 WATT LED തെരുവു വിളക്കുകൾ സ്ഥാപിക്കാൻ ആണ് പ്രോജക്റ്റ് ലക്ഷ്യമിട്ടിരുന്നത്. സർക്കാർ സ്ഥാപനമായ ക്രൂസ് മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 206 |
| പ്രോജക്റ്റിന്റെ പേര് | LED തെരുവുവിളക്കുകൾ സ്ഥാപിക്കൽ |
| അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 1056086 |
| ചെലവ് | 1056086 |
| ബിൽ നമ്പർ | ബിൽ നം. 199/8.1.23 |

31.10.22 ലെ 3(2)ഭരണസമിതി തീരുമാനം പ്രകാരം 24 വാട്ട് ആട്ടോമാറ്റിക് എൽ.ഇ.ഡി തെരുവ് വിളക്കുകൾ ഇലക്ട്രിക് പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചും , ആയതിന് വേണ്ടി നിലവിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തെരുവ് വിളക്കുകൾ സ്ഥാപിക്കൽ പ്രോജക്റ്റ് ഉപേക്ഷിച്ചു കൊണ്ട് 24 വാട്ടിന്റെ 1100 ലൈറ്റുകൾ സ്ഥാപിക്കുന്നതിന് വേണ്ടി 2037200 രൂപ അടങ്കൽ തുക വരുന്ന പുതിയ പദ്ധതി ബഹുവർഷ പ്രോജക്റ്റായി 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത് ക്രൂസുമായി 1.12.2022 ൽ 50/2022-23 പ്രകാരം കരാറിലേർപ്പെട്ടിട്ടുണ്ട്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തേണ്ടതുമാണെന്നാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/ 2011/ത.സ്വ.ഭ.വ. തീ.15.09.11 ഖ.2നുള്ള കുറിപ്പ് (ഇ)നിർദ്ദേശിച്ചിട്ടുള്ളത്. ഇപ്രകാരമുള്ള ഒരു പരാതി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല

2) വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് തുക നല്കുന്നത്. ഏതാനും ഇലക്ട്രിക്ക് പോസ്റ്റുകളുടെ വിവരം രേഖപ്പെടുത്തിയ തെരുവുവിളക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും

തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, എന്നിവ പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പേജ് നം. 23 ൽ ക്രമ നം. 34, 37 പേജ് നം. 25 ൽ ക്രമ നം. 8, 32, പേജ് നം. 37 ക്രമ നം. 9, 18, 19, 61 പേജ് നം. 41 ക്രമ നം. 10,11 പേജ് നം. 43 ക്രമ നം. 41, 56, 58, 59 പേജ് നം. 53 ക്രമ നം. 32 37, 42 എന്നിവയിൽ മാത്രമാണ് ലൈറ്റുകളുടെ തരം രേഖപ്പെടുത്തിയിട്ടുള്ളത്.

3. പഞ്ചായത്ത് ഡയറക്ടറുടെ 17-8-15 തിയ്യതിയിലെ ജി-2 44274/2015 നം ഉത്തരവ് പ്രകാരം ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള Stock In രജിസ്റ്ററും Stock Out രജിസ്റ്ററും റീകൺസയിൽ ചെയ്യുന്നുവെന്നും തെരുവു വിളക്കും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതും സംബന്ധിച്ച സ ഉ(സാ ധാ)നം2134/2015ത സ്വ ഭ വ തി.15-5-2015 പ്രകാരമുള്ള കാര്യങ്ങൾ (Utilisation Certificate Not Produced) സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല

4) തെരുവ് വിളക്കുകളുടെ മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

5) തെരുവ് വിളക്ക് പരിപാലനത്തിനായി വാർഡ് തല മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടില്ല

6) 15-9-11 ലെ 3055/DA3-2011 ത സ്വ ഭ വ സർക്കുലർ പ്രകാരം 10% സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കേണ്ടതുണ്ട്. എന്നാൽ 5% മാത്രമെ ഈയിനത്തിൽ ഈടാക്കിയിട്ടുള്ളൂ.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 11 ന് അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ --മരുന്ന് ലഭ്യമായിട്ടില്ല—300000/- രൂപ തടസ്സം

പ്രോജക്ടിന്റെ പേര് --ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ

പ്രോജക്ട് നം --16/22-23

അടങ്കൽ/ചെലവ് --300000/300000 (റോഡിതരം)

ബിൽ നം -- 01/22-23, Dt, 10/10/22

ഹോമിയോ ഡോക്ടർ നിർവ്വഹണം നടത്തിയ മുകളിൽ പറഞ്ഞ പ്രോജക്ടിൽ മരുന്നു വാങ്ങിയതിന്റെ ടാക്സ് ഇൻവോയിസ്ബിൽ , മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമല്ല. അതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (09/22, 08/08/23) മരുന്ന് ലഭ്യമാകാത്തതിനാലാണെന്നും, ഹോകോയെ ഫോൺ മുഖാന്തിരം ബന്ധപ്പെട്ടപ്പോൾ മരുന്ന് കൂടുതൽ താമസം കൂടാതെ എത്തിച്ചു തരുന്നതാണെന്ന് മറുപടിയിൽ അറിയിക്കുകയുണ്ടായി. ആയതിനാൽ ടി പദ്ധതിയ്ക്ക് നൽകിയ 300000/- രൂപ തടസ്സപ്പെടുത്തുന്ന മരുന്ന് ലഭ്യമാക്കി തടസ്സം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-35 ഇ-ടെണ്ടർ ഫീസ് തുക ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) 97237/- രൂപ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവരുത്തിയിട്ടുണ്ട് എന്നും പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമാക്കുന്നതിനായുള്ള നടപടികൾ നടന്നു വരുന്നതായി ഓഡിറ്റ് എൻക്വയറി നമ്പർ 38/16.8.2023 ന് മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക തനത് ഫണ്ടിൽ ലഭ്യമാക്കി വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## 1-36 ബാങ്കിൽ നിന്നും തുക പിൻവലിക്കൽ - വൌച്ചർ പ്രകാരമുള്ള തുകയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം രേഖപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല

2022-23 വർഷത്തെ ഏപ്രിൽ മെയ് മാസങ്ങളിലെ കേരള ബാങ്ക് അക്കൌണ്ടിന്റെ (107012803000019) പാസ് ബുക്ക് പരിശോധിച്ചതിൽ ബാങ്ക് ബുക്ക്, ബിൽ രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യാസമായി തുക പിൻ വലിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

എ.

| ചെക്ക് നം. | വൗച്ചർ നം./തിയ്യതി | തുക |
|---|---|---|
| 486554 | 22200115 | 48636 |
| | 22200120 | 850 |
| | 22200132 | 33860 |
| | 22200131 | 18144 |
| | 22200112 | 2142 |
| | 22200163 | 450 |
| | 22200114 | 15000 |
| | 22200128 | 450 |
| | 22200129 | 450 |
| | 22200164 | 150000 |
| | 22200167 | 18132 |
| | 22200168 | 10625 |
| | ആകെ | 298739 |

കേരള ബാങ്കിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചെക്ക് നം 486554/27-5-22 പ്രകാരം 2-6-22 ന് 307949 രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ടി ബാങ്കിന്റെ ILGMS ൽ ലഭ്യമായ ബാങ്ക് ബുക്ക് പരിശോധിച്ചതിൽ 298739/- രൂപയുടെ വൌച്ചറുകളേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വൌച്ചർ നം 22200543 പ്രകാരം 5360 രൂപകൂടി ഉള്ളതായി അറിയിച്ചിട്ടുണ്ട് എന്നാൽ ILGMS ൽ കേരള ബാങ്കിന്റെ ബാങ്ക് ബുക്കിൽ അപ്രകാരമുള്ള ഒരു ചെലവ് രേഖപ്പെടുത്തിയിട്ടില്ല. 5360രൂപ അധികം പിൻവലിച്ചതിൽ വൌച്ചർ സഹിതം രണ്ടു മാസത്തിനുള്ളിൽ മറുപടി ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം ടി തുകയുടെ ചെലവ് സെക്രട്ടറിയുടെ ബാദ്ധ്യതയാകുന്നതാണ്.

ബി. ട്രഷറിയിൽ നിന്നും നൽകേണ്ടതായ പെയ്മെന്റിന്റെ ചെക്ക് നമ്പർ തനതു ഫണ്ടിന്റെ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തി.

| ചെക്ക് നം./തിയ്യതി | വൗച്ചർ നം./തിയ്യതി | തുക |
|---|---|---|
| XY-5996232/1-4-22 | 22200015/30-4-22 | 41980 |
| XY-5996632/1-4-22 | 22200016 | 339584 |

ട്രഷറിയിൽ നിന്നും നൽകേണ്ടതായ പെയ്മെന്റ് കേരള ബാങ്കിന്റെ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തി നൽകിയത് എന്തു കാരണത്താലാണെന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 49ന് മേൽ വൌച്ചറുകൾ പ്രകാരമുള്ള തുക യഥാർഥത്തിൽ ട്രഷറിയിൽ നിന്നുമാണ് പിൻവലിച്ചത്. പെയ്മെന്റ് ചെയ്യുമ്പോൾ ബാങ്ക് സെലക്ടു ചെയ്യുമ്പോൾ ട്രഷറിക്കു പകരം കേരള ബാങ്ക് എന്ന് തെറ്റായി സെലക്ട് ചെയ്തു എന്നാൽ ചെക്ക് നമ്പർ ശരിയായി റേഖപ്പെടുത്തി ആയതുകൊണ്ടാണ് കേരള ബാങ്കിന്റെ ബാങ്ക് ബുക്കിൽ ട്രഷറി ചെക്ക് നമ്പർ വന്നത് എന്നും അപാകത ഭാവിയിൽ ആവർത്തിക്കില്ലെന്നുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.(വാർഷിക ധനകാര്യപത്രിക പ്രകാരം).

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തുക ലഭിച്ച വർഷം,പദ്ധതി | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 914400** | 22/23-പാലിയേറ്റീവ് പദ്ധതി | 400000 | 400000 | 0 |
| | 25000 | 90/23- വയോജന സൌഹൃദം | 394798 | 394798 | 0 |
| | | 175/23- അതി ദരിദ്രർക്കുള്ള മൈക്രോ പ്ളാൻ തയ്യാറാക്കൽ | 54798 | 54798 | 0 |
| | 0 | 214/23 ലൈഫ് 2020- ജനറൽ | 80000 | 80000 | 0 |
| | 0 | 215/23 ലൈഫ് മൂന്നാം ഘട്ടം- ജനറൽ സ്ഥലം വാങ്ങൽ | 2600000 | 2600000 | 0 |
| | | 25/23 ലൈഫ് ഭവന പദ്ധതി പട്ടിക ജാതി | 1473000 | 1473000 | 0 |
| | | 24/23 ലൈഫ് ഭവന പദ്ധതി ജനറൽ | 520000 | 520000 | |
| | | 66/23- സ്നേഹ സ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പും ബത്തയും | 245250 | 245250 | |
| | | 40/23- കൊച്ചു പാലോട് പന്തടിക്കുളം റോഡ് കോൺക്രീറ്റ് | 568112 | 568112 | |
| | | 42/23-മാമൂട് പട്ടിക വർഗ്ഗ സങ്കേതത്തിൽ സാംസ്കാരിക നിലയം നിർമ്മിക്കൽ | 658154 | 658154 | |
| | | 165/23-ഗോത്ര സാരഥി | 43334 | 43334 | |
| | | 72/23-ക്ഷീര സമൃദ്ധി-പാലളവിന് സബ്സിഡി | 200000 | 200000 | |
| | | ആകെ | | 7237446 | |
| ജില്ലാപഞ്ചായത്ത് | 0 | 27/23 ലൈഫ് ഭവന പദ്ധതി- പട്ടിക വർഗ്ഗം | 80000 | 80000 | |
| | | 26/23 ന്യൂ ലൈഫ് | 820000 | 820000 | |
| | | 66/23- സ്നേഹ സ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പും ബത്തയും | 235125 | 235125 | |
| | | 72/23-ക്ഷീര സമൃദ്ധി-പാലളവിന് സബ്സിഡി | 100000 | 100000 | |
| | | 25/23 ലൈഫ് ഭവന പദ്ധതി പട്ടിക ജാതി | 200000 | 200000 | |
| | | 85/23- ഹരിത ഭവനം | 70000 | 70000 | |
| | 939400 | ആകെ | 1505125 | | 0 |

| സ്ഥാപനം | മുന്നിരിപ്പ് | തൻവർഷ വരവ് | ചെലവ് | നീക്കിയിരിപ്പ് യഥാർഥത്തിൽ വരേണ്ടത് | ബി-4 പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് | 939400 | 7237446 | 7237446 | 939400 | 0* |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| ജില്ലാ പഞ്ചായത്ത് | 0 | 1610125 | 1505125 | 105000 | 0** |
| ആകെ | 939400 | 9761971 | 8742571 | 1019400 | 0 |

ജേണൽ റിപ്പോർട്ട് പരിശോധനയിൽ ബ്ലോക്ക് പഞ്ചായത്ത്,ജില്ലാ പഞ്ചായത്ത് എന്നിവയിൽ നിന്നും വൌച്ചർ നം 42201242 പ്രകാരം 25000/-, വൌച്ചർ നം 42201243 പ്രകാരം 105000/-, വൌച്ചർ നം 42201241 പ്രകാരം 914400/- എന്നിവ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ ഐ എൽ ജി എം സി ലോ , സുലേഖയിലോ ലഭ്യമല്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാലൻസ് തുക |
|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്(207/23) | 59209 | 0 | 59209 |
| | ആകെ | 59209 | 0 | 59209 |

| | 2021-22 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് | 2022-23 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 7152321 | 0 | 7152321 | --* | 7152321 | 7091000 |
| കെ.എസ്.ഇ.ബി | 0 | 59209 | 59209 | 0** | 59209 | 0 |

*ശീർഷകം നം-460500201 ൽ 61321 രൂപ യു സി ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് പരിശോധനക്ക് ലഭ്യമാക്കിയില്ല

** ചെലവ് ധനകാര്യപത്രികയിൽ RP 49-ൽ രേഖപ്പെടുത്തിയിട്ടില്ല. വിനിയോഗം രേഖപ്പെടുത്താത്ത പ്രസ്തുത ഇനത്തെ ബാലൻസ് ഷീറ്റിലും ഉൾപ്പെടുത്തിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | വരവ് | ആകെ | തിരിച്ചടച്ച തുക | നീക്കിയിരിപ്പ് B-5 പ്രകാരം |
|---|---|---|---|---|---|
| HUDCO | 56252000 | 5440000 | 61692000 | 5887664 | 55804336 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ.സംക്ഷിപ്തവിവരം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 7167825 |
| ഓഡിറ്റ് വർഷത്തെ വരവ് | 38423578 |
| ആകെ | 45591403 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37648099 |
| നീക്കിയിരിപ്പ് | 7943304 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 186862861/- രൂപയും ചെലവ് 191106818 /- രൂപയുമാണ് .

ബി.പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

സി.ഓഡിറ്റിൽ തടസ്സപ്പെടുത്തിക തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരാവാദികളായ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-19 | 213254 | ഹെഡ് മാസ്റ്റർ |
| 1-27 | 653625 | സെക്രട്ടറി |
| 1-34 | 300000 | മെഡിക്കൽ ഓഫീസർ , ഹോമിയോ |
| ആകെ | 1166879 | |

ഡി.കേന്ദ്ര -സംസ്ഥാന സർക്കാറുകൾ ,മറ്റു സ്ഥാപനങ്ങൾ എന്നിവയുക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

ഇ.നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

എഫ്.റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരമേൽവിലാസം.

| ക്രമ നമ്പർ | പേരും ഉദ്യോസ്ഥപേരും | സ്ഥിരമേൽവിലാസം |
|---|---|---|
| 1 | ശ്രീ.സുനിൽ.പി സെക്രട്ടറി | കാർത്തിക, ടോൾ മുക്ക്, അവനവഞ്ചേരി, ആറ്റിങ്ങൽ |
| 2 | ശ്രീ.ദിലീപ് കുമാർ. ഹെഡ്മാസ്റ്റർ | TNRA/87/രേവതി, ചെറുവള്ളി,ഏണിക്കര, കരകുളം പി.ഒ |
| 3 | ശ്രീമതി. കവിത. വി എസ് | മുക്കുന്ന വിലാസം , ടി. സി. 13/2498 നാലാഞ്ചിറ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | കെ.എസ്.റ്റി.വി.എം/ജി.പി.7/463/2022 തീയതി 22.10.22 | 1 |
| 2009-10 | | 1 |
| 2011-12 | | 2 |
| 2013-14 | | 1 |
| 2014-15 | | 2 |
| 2015-16 | | 3 |
| 2016-17 | | 3 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2625/2018 | 6 |
| 2018-19 | കെ.എസ്എ.റ്റി.വി.എം.ജി.പി.6/900/2020 തീയതി.21.10.20 | 28 |
| 2019-20 | കെ.എസ്എ.റ്റി.വി.എം.ജി.പി.6/667/2021 തീയതി.31.03.21 | 11 |
| 2020-21 | കെ.എസ്എ.റ്റി.വി.എം.ജി.പി.6/776/2022 തീയതി.23.06.22 | 42 |
| 2021-22 | കെ.എസ്എ.റ്റി.വി.എം.ജി.പി./408/2023 തീയതി.25.03.23 | 29 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 13-07-2023 and submitted on 19-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Panavoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Panavoor Grama Panchayat for the year 2022-2023

Date: 17/10/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Panavoor Grama Panchayat for the Year 2022-2023.

**1.Major Observations**

1. Assets/liabilities as per previous year's general ledger trial balance have not been matched with current year's opening balance of general ledger trial balance. ( para-1-1-3 and 1-1-5)

**2.Other Observations**

1. The mandatory Financial Statements prescribed in Accounting Rules are not included in the AFS ,eg- Ratios

2.Net increase/decrease in cash flow( (775479) )does not match with difference between opening balance and closing balance of cash and cash equivalents(2233863)

3. Deficit balance of Rs -4243957/- has been recorded as per Income and Expenditure Statement.

5. No receipts has been issued asper day book for Cheque received as per cheque &DD register(Cheque no. 191056/21.04.2022)

5.(a ) No entries for Demand Draft received (755268/06.06.2022- amount Rs.11340/-) as per DD register.

6..The bank account included in previous years AFS 40 ( B) is not included in current years AFS 40(A). Bank pass book ,Bank reconciliation statement of account concerned are not produced for perusal.

7. An amount of Rs. 35559/- has been directly credited by bank which is not reconciled.

8. Cheques uncashed for more than 3 months were not transferred to stale cheque account (Amount Rs 287934/-)

9.Cheque deposited but not credited-details below.

1. Kerala Bank-Rs 24029/-

2. SBI e Life-Rs 1464/-

10.Lapses in making timely and accurate demand entries in respect of tax revenue

11.The value of closing stock is not recorded in AFS.

12. Delay in preparing monthly reconciliation statement.

13. Asset register is not updated

14. DCB Registers do not match with AFS eg. Rent register, Profession tax register

15. Loan Register mismatch with AFS

16. Payment details with regard to joint venture projects are not made available for verification.

17. Misclassification of Receipt voucher- Receipt from sale of Timber(Rs 239350/-) has wrongly booked in Auction deposit head)

18.Amount of Rs 9081626/- of part bill not included schedule B-11 (B) of AFS

19.Grant liability amount shown as liability in Balance sheet does not match with bank account opened for the specified grant.

20. Payment voucher misclassification-Amount of Rs 59209/- expended for deposit workhas not been booked in Deposit head( RP -49) .

21. Discrepencies in the closing balance of Deposits as per B-7 Schedule. (details in para 1-1-25)

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്